കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: dokkd.ksad@gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി/പി.10/2045 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഫോൺ - 0495 2371012
തീയതി. 21 -11-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്.
* * * * * * * * * * * * * * * * * * * * * * *

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി/പി.10/2045/2016

തിയ്യതി: 21-11-2016

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ കെ.കെ സതീഷ് കുമാർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.10.2016 മുതൽ 04.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ കെ.പി രത്നസിംഗ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ ടി.ദേവാനന്ദ്, ഓഡിറ്റർ |
| | ശ്രീ ഇല്യാസ് ടി,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| പേര് | കാലയളവ് |
|---|---|
| ശ്രീ സി.എം ശ്രീധരൻ | 01.04.2015മുതൽ 31.10.2015 വരെ |
| ശ്രീമതി യശോദ തെങ്ങിട | 12.11.2015 മുതൽ 31.03.2016 വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ എം.കെ ബാലകൃഷ്ണൻ | 01.04.2015മുതൽ 31.03.2016 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ എൽ.എൻ ഷിജു | 01.04.15മുതൽ 27.07.15 വരെ * |

| | | |
|---|---|---|
| | ശ്രീ എം.സി രാഘവൻ | 24.08.15മുതൽ 31.12.15 വരെ * |
| | ശ്രീ എം ധർമ്മരാജൻ | 01.03.16മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ കെ.അജി | 01.04.15മുതൽ 08.07.15വരെ |
| | ശ്രീമതി ഇ.കെ ദീപ്തി | 09.07.15മുതൽ 30.09.15വരെ |
| | ശ്രീ കെ.കെ വേലായുധൻ | 01.10.15മുതൽ 02.02.16 വരെ |
| | ശ്രീ പി.എൻ ശ്രീശൻ | 03.02.16മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീ പി.സി അബ്ദുൾ മജീദ് | 01.04.15മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ എ. ധന്യ | 01.04.15മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ കെ.കെഅബ്ദുൾ ഗഫൂർ | 01.04.15മുതൽ 15.06.15 വരെ |
| | ഡോ കെ.ടി സബീഷ് | 16.06.15മുതൽ 18.08.15 വരെ |
| | ഡോ എം.പി സജീന | 19.08.15മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ കെ.സി പ്രതിഭ | 01.04.15മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ കെ.ബിന്ദു ജോസഫ് | 01.04.15മുതൽ 31.03.16 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ ഒ.എം രാജൻ | 01.04.15മുതൽ 31.03.16 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കാവുന്തറ) | ശ്രീമതി ഒ.കെ സബിത | 01.04.15മുതൽ 31.03.16 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നടുവണ്ണൂർ) | ശ്രീ ലിജേഷ്.കെ.രാജ് | 01.04.15മുതൽ 31.03.16 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി എൻ.ബിന്ദു | 01.04.15മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ടി.കെ പുഷ്പ | 01.04.15മുതൽ 31.03.16 വരെ |

*( 28.07.15 മുതൽ 23.08.15 വരെയും 01.01.16 മുതൽ 28.02.16 വരെയും അസി. സെക്രട്ടറിയുടെ ചാർജ്ജ് സെക്രട്ടറിക്ക്)

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |

| | | | |
|---|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| | ഭാഗം 2 വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 11 | വാർഷിക ധനകാര്യ പത്രിക, ഫണ്ട് വിനിയോഗ പത്രിക (പ്രൊഫോർമ I മുതൽ VII വരെ) എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ | 2-1 | |
| | ഭാഗം 3ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 12 | ബിറ്റുമിൻപ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് ഉൾപ്പെടുത്തി-പഞ്ചായത്തിന് നഷ്ടം | 3-1 | |
| 13 | റോഡിന്റെ ഉപരിതലം മണ്ണിട്ടുയർത്തിയതിന് ശേഷം ക്വാറിമക്കിട്ട പ്രവൃത്തിക്ക് ആധികാരികതയില്ല | 3-2 | |
| 14 | മരാമത്ത് പ്രവൃത്തികൾ-കോൺക്രീറ്റ് പ്രവൃത്തിക്ക് അധികനിരക്ക് നൽകിയതിനാൽ പഞ്ചായത്തിന് നഷ്ടം | 3-3 | |
| 15 | എസ് സി വനിതകൾക്ക് ഓട്ടോറിക്ഷ-പദ്ധതി പരാജയപ്പെട്ടു | 3-4 | |
| 16 | കാർഷിക മേഖലയിലെ പ്രൊജക്റ്റുകൾ - ഗ്രാമസഭ തിരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 3-5 | |

| | | | |
|---|---|---|---|
| 17 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-6 | |
| 18 | വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-7 | |
| 19 | ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-8 | |
| 20 | തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണം - പദ്ധതിപ്രവർത്തനങ്ങൾ ആരംഭിച്ചില്ല | 3-9 | |
| 21 | പെയിൻ പാലിയേറ്റിവ് പദ്ധതി : മാർഗരേഖ പാലിക്കുന്നതിൽ അശ്രദ്ധ | 3-10 | |
| 22 | തെരുവുവിളക്കുകളുടെ സ്ഥിതിവിവരകണക്ക് ഇല്ല | 3-11 | |
| 23 | തുക നൽകിയിട്ടും ഹോമിയോ മരുന്നുകൾ ലഭിച്ചില്ല | 3-12 | |
| 24 | മീഡിയശ്രീ പദ്ധതി - ഡോക്യുമെന്റേഷൻ സി ഡി ഹാജരാക്കിയില്ല | 3-13 | |
| 25 | ഐ.കെ.എമ്മിന് വിഹിതം നൽകൽ - കൈപ്പറ്റ് രശീത് ഹാജരാക്കിയില്ല | 3-14 | |
| 26 | ശുചിത്വ കള്ളസ് ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല | 3-15 | |
| 27 | പഴയ ആസ്തികളുടെ അവസ്ഥാവിശകലനറിപ്പോർട്ട് തയ്യാറാക്കാതെ സമാന ആസ്തികൾ സൃഷ്ടിച്ചു | 3-16 | |
| 28 | പൊതു ശ്മശാനവും അറവുശാലകളും നിർമ്മിക്കുതിൽ വീഴ്ച | 3-17 | |

| | | | |
|---|---|---|---|
| 29 | മരാമത്ത് പ്രവൃത്തികൾ-പൊതുഅപാകതകൾ | 3-18 | |
| | ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 31 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 33 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 35 | ഓഡിറ്റ് റിക്കവറി | 4-6 | |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 24.03.2015ലെ 34/15 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 04.03.2016ലെ 28/16 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 23.07.2016 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ

വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് പത്രിക പ്രകാരം )

| | |
|---|---|
| മുൻബാക്കി | 2,27,20,164.67 |
| വരവ് | 3,88,15,921.00 |
| ആകെ | 6,15,36,085.67 |
| ചെലവ് | 4,72,80,522.00 |
| നീക്കിബാക്കി | 1,42,55,563.67 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 2464215 | 868885 | 9414400 | 9414400 | (+)6081300 | 0 | 100 |
| വികസനഫണ്ട് (എസ്.സി.പി) | 789217 | 2845597 | 3643814 | 3345597 | (-)289217 | 0 | 91.81 |
| വികസനഫണ്ട് (ടി.എസ്.പി) | -- | -- | -- | -- | -- | 0 | -- |
| സംരക്ഷണഗ്രാന്റ് (റോഡ്) | 66891 | 2776150 | 2843041 | 2843041 | -- | 0 | 100 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 765899 | 1202136 | 1968035 | 1968035 | -- | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3032944 | 5986782 | 9019726 | 6078949 | (-)2940777 | 0 | 67.39 |
| പെർഫോമൻസ് ഗ്രാന്റ് | 2851306 | 1987494 | 4838800 | 1987494 | (-)2851306 | 0 | 41.07 |
| എം.എൻ.ആർ. ഇ.ജി.എസ്. | 8428 | 24589794 | 24598222 | 24583593 | -- | 14629 | 99.94 |
| ബി ഫണ്ട് | -- | | | | -- | 0 | 10 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 145 | 5,21,87,679 | 76 | 2,92,53,047 | 14 | 55 | 52.41 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

- ഇല്ല -

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 22.77ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 4028444 | 2999608 | 1028836 | - 25.53 |
| നികുതിയേതര വരവുകൾ | 614996 | 605974 | 9022 | - 01.46 |
| മറ്റുവരവുകൾ | 97573 | 55560 | 42013 | - 43.05 |
| ആകെ | 4741013 | 3661142 | (-)1079871 | - 22.77 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 82,04,610 | 956 |
| വിധവ പെൻഷൻ | 79,76,720 | 825 |
| വികലാംഗ പെൻഷൻ | 29,46,945 | 279 |
| കർഷകതൊഴിലാളി പെൻഷൻ | 67,45,770 | 872 |
| തൊഴിൽരഹിത വേതനം | 7,56,240 | 467 |
| അവിവാഹതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,08,160 | 65 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,80,000 | 6 |

## **1-9** ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 29,501/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## **1-10** മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.10.2016 മുതൽ 14.10.2016 വരെ | 08/16 & 09/16 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.01.2010 മുതൽ 01.02.2010 വരെ | 2004-05 മുതൽ 2008-09 വരെ | LBH(HQ)111/8A-1538/627/01-03-2010 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **2-1** വാർഷിക ധനകാര്യ പത്രിക, ഫണ്ട് വിനിയോഗ പത്രിക (പ്രൊഫോർമ I മുതൽ VII വരെ) എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ

### വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2015-16 വർഷത്തെ വാർഷികധനകാര്യപത്രികയുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. റികൺസിലിയേഷൻ നടത്തിയിടത്ത് വ്യത്യാസം

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിന്റെ വർഷാന്ത്യ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് തുകയു തമ്മിൽ വ്യത്യാസമുണ്ട്.

2. തൊഴിൽ നികുതി

രജിസ്റ്ററിലെ ഡിമാന്റും വരവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റും വരവും തമ്മിൽ വ്യത്യാസം

3. തൻവർഷ വസ്തു നികുതി

വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലെയും ഡിമാന്റും വരവും തുല്യമാണെങ്കിലും കുടിശ്ശികയിനത്തിൽ കാണിച്ച തുകകൾ തമ്മിൽ വ്യത്യാസം കാണുന്നു.

4. വസ്തു നികുതി കുടിശ്ശിക

2014 - 15 വർഷത്തെ വാർഷികധനകാര്യപത്രിക പ്രകാരം ഉള്ള 2015-16 വർഷത്തേക്കുള്ള കുടിശ്ശികയും 2014-15 ലെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം 2015-16 വർഷത്തേക്ക് ക്യാരി ഓവർ ചെയ്ത കുടിശ്ശികയും തമ്മിൽ വ്യത്യാസം കാണുന്നു.

കൂടാതെ വസ്തു നികുതി കുടിശ്ശികയിനത്തിൽ തൻവർഷം പിരിച്ച തുക വാർഷികധനകാര്യപത്രിക പ്രകാരവും രജിസ്റ്റർ പ്രകാരവും തുല്യമാണെങ്കിലും വർഷാന്ത്യ കുടിശ്ശിക തുക വ്യത്യസ്തമാണ്.

5. ലേലം വരവിനത്തിലെ കുടിശ്ശിക വാർഷികധനകാര്യപത്രികയിൽ കുടിശ്ശികയായി കാണിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഭൂമിയിലെ തെങ്ങിൽ നിന്നുള്ള മേലാദായം ലേലം എടുത്തയാൾ ലേലതുക അടക്കാൻ

ബാക്കിയുണ്ടെങ്കിലും ടി വിവരം വാർഷികധനകാര്യപത്രിക യിൽ പ്രതിഫലിച്ചിട്ടില്ല.

6. ഗ്രാമ പഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

7. അസി.എഞ്ചിനീയർ നിർവ്വഹണം ചെയ്ത പദ്ധതികളുടെ വാറ്റ്, ഐറ്റി, ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

8. പഞ്ചായത്തിനു പിരിഞ്ഞു കിട്ടാനുള്ള / ലഭിക്കാനുള്ളവയിൽ ലഭ്യത സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ നൽകിയിട്ടില്ല.

9. വാർഷിക ധനകാര്യപത്രികയിൽ നിന്നും വികസന ഫണ്ട് ഇനത്തിലെ വരവും ചെലവും വേർതിരിച്ച് മനസ്സിലാക്കാൻ സാധിക്കുന്നില്ല.

10. അക്കൗണ്ട് പൊരുത്തപ്പെടൽ പത്രിക സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അക്കൗണ്ടിൽ ഇടപാടില്ലെങ്കിൽ പ്രസ്തുത അക്കൗണ്ടുകൾ തീരെ സാക്ഷ്യപ്പെടുത്തുന്നില്ല.

സംസ്ഥാന ധനകാര്യകമ്മീഷന് സമർപ്പിച്ച പ്രൊഫോർമ I,VI എന്നീ സ്റ്റേറ്റ്മെന്റുകളിൽ കാറ്റഗറി ഇ ഫണ്ടിൽ ഉൾപ്പെടുന്ന ഇനങ്ങളുടെ വരവു ചെലവുകൾ ചേർത്തിടത്ത് മുൻബാക്കിയും നീക്കിയിരിപ്പും വാ.ധ.പയുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും ആകെ തുകയും തൻവർഷ വരവും ചെലവും പൊരുത്തപ്പെടുന്നില്ല. തൊഴിലുറപ്പ് പദ്ധതിയുടെ വരവിലും ചെലവിലും ആകെ തുകയിലും വന്ന വ്യത്യാസം കാരണമാണ് ഇങ്ങനെ സംഭവിച്ചത്.

| | പ്രൊഫോർമ I,VI എന്നിവയിൽ കാണിച്ച തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|
| മുൻ ബാക്കി | 8428/- | 8428/- | ഇല്ല |
| തൻവർഷ വരവ് | 24589794/- | 25090104/- | 500310/- |
| ആകെ | 24598222/- | 25098532/- | 500310/- |
| തൻവർഷ ചെലവ് | 24583593/- | 25083903/- | 500310/- |
| നീക്കിയിരിപ്പ് | 14629/- | 14629/- | ഇല്ല |

*തൊഴിലുറപ്പ് തുകകൾ കണ്ടെത്താനുപയോഗിച്ച സമവാക്യങ്ങൾ*

*തൻവർഷ വരവ് : അഡ്മിനിസ്ട്രേഷൻ വരവ് (ആർ പി 31) + ഇ.എഫ്.എം.എസ് വരവ് (ഐ 6)*

*തൻവർഷ ചെലവ് : അഡ്മിനിസ്ട്രേഷൻ ചെലവ് + ഇ.എഫ്.എം.എസ് ചെലവ് (I 6)*

*അഡ്മിനിസ്ട്രേഷൻ ചെലവ് : മുൻ ബാക്കി (ആർ പി 40 എ) + അഡ്മിനിസ്ട്രേഷൻ വരവ് (ആർ പി 31) - നീക്കിയിരിപ്പ് (ആർ പി 40 എ)*

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബിറ്റുമിൻപ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് ഉൾപ്പെടുത്തി-പഞ്ചായത്തിന് നഷ്ടം

ഓഡിറ്റ് വർഷം റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഡൽഹി ഷെഡ്യൂൾ നിരക്കാണ് ബാധകമാക്കിയത്.ഫയൽ പരിശോധിച്ചതിൽ ബിറ്റുമിന്റെ മാർക്കറ്റ് നിരക്കിലുള്ള വില ഷെഡ്യൂൾ നിരക്കിനേക്കാൾ കുറവായതിനാൽ

പ്രവൃത്തികൾക്ക് അധികനിരക്ക് അനുവ ദിച്ചതായി കാണുന്നു.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

DSRകോഡ് 16.30.1പ്രകാരം റോഡിന്റെ ഉപരിതലത്തിൽ VG-10ബിറ്റുമിൻ ടാക്ക് കോട്ട് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയിട്ടുണ്ട്. നൽകിയ നിരക്കും നൽകേണ്ട നിരക്കും താഴെ ചേർക്കുന്നു.11/2015ലെ VG-30,VG-10 ബിറ്റുമിന്റെ നികുതി ഉൾപ്പെടെയുള്ള മാർക്കറ്റ് വില യഥാക്രമം 33196 രൂപയും 30820 രൂപയുമാണെടുത്തിട്ടുള്ളത്.

കോസ്റ്റ് ഇൻഡക്സ് (cost index)ആയി 1.343, 1.381 എന്നീ രണ്ട് മൂല്യങ്ങൾ എടുത്തതിനാൽ രണ്ട് ഇൻഡക്സ് പ്രകാരവുമുള്ള നിരക്ക് കണക്കാക്കിയിട്ടുണ്ട്

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| VG-30ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .075 | 41000 | 3075 | 2090(33196) |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 7.99 | 7.99 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 0.150 | 400 | 60 | 60 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .015 | 121.70 | 1.83 | 1.83 |
| വൈർ ബ്രഷ് | ഒന്ന് | .050 | 20 | 1 | 1 |
| സോഫ്റ്റ് ബ്രഷ് | -ടി- | .120 | 18 | 2.16 | 2.16 |
| ചാക്കുകൾ | | 7.800 | 1.78 | 13.88 | 13.88 |
| കോൾടാർ സ്പ്രേയർ വാടക | പ്രതിദിനം | .030 | 300 | 9 | 9 |
| പലവക | LS | 9.1 | 1.78 | 16.2 | 16.2 |
| മേറ്റ് | തൊഴിൽദിനം | .060 | 363 | 21.78 | 21.78 |
| ബെൽഡാർ(beldar)ബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.460 | 329 | 480.34 | 480.34 |
| ബെൽഡാർ(beldar)ടാക്ക് കോട്ട് ചെയ്യുന്നതിന് | -ടി- | .190 | 329 | 62.51 | 62.51 |
| ബെൽഡാർ(beldar) | -ടി- | .470 | 329 | 154.63 | 154.63 |
| | | | ആകെ | 3906.32 | 3321.32 |

| | | | | | |
|---|---|---|---|---|---|
| വാട്ടർ ചാർജ്ജ്(1%), കരാറ്കാരന്റെ ലാഭം(10%), ഓവർഹെഡ് ചാർജ്ജ്(5%) | | | | 39.06<br>631.26 | 531.41 |
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 4537.19 | 3857.71 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 45.37 | 38.58 |
| കോസ്റ്റ് ഇൻഡക്സ്(1.381) | | | | 62.66 | 53.28 |
| കോസ്റ്റ് ഇൻഡക്സ്(1.3143) | | | | 59.63 | 50.71 |

ഗുണഭോക്തൃകമ്മറ്റിയാണ് പ്രവൃത്തി ചെയ്യുന്നതെങ്കിൽ വാട്ടർ ചാർജ്ജും കരാറ്കാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഒഴിവാക്കിയുള്ള നിരക്കാണ് സ്വീകരിക്കുന്നത്. 33.21x1.381(കോസ്റ്റ് ഇൻഡക്സ്)=45.86ഒരു ചതുരശ്രമീറ്റർ ടാക്ക് കോട്ട് ചെയ്യുന്നതിന്.

DSRകോഡ് 16.32.2പ്രകാരം റോഡിന്റെ ഉപരിതലത്തിൽ ബിറ്റുമിൻ ചിപ്പിംഗ് കാർപ്പറ്റ് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയിട്ടുണ്ട്. നൽകിയ നിരക്കും നൽകേണ്ട നിരക്കും താഴെ ചേർക്കുന്നു.11/2015ലെ VG-30 ബിറ്റുമിന്റെ നികുതി ഉൾപ്പെടെയുള്ള മാർക്കറ്റ് വിലയാണ് എടുത്തിട്ടുള്ളത്.(33196)

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| VG-30ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .144 | 41000 | 5904 | 4780.22 |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 15.23 | 15.23 |
| സ്റ്റോൺ സ്ക്രീനിംഗ്സ്12.5/13.2mm | ഘനമീറ്റർ | 1.800 | 1250 | 2250 | 2250 |
| സ്റ്റോൺ സ്ക്രീനിംഗ്സ്10/11.2mm | -ടി- | .900 | 1250 | 1125 | 1125 |
| -ടി- കടത്ത്കൂലി | -ടി- | 2.700 | 106.49 | 287.52 | 287.5 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 0.288 | 400 | 115.2 | 115.2 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .029 | 121.70 | 3.50 | 3.50 |
| വൈർ ബ്രഷ് | ഒന്ന് | .110 | 20 | 2.2 | 2.2 |
| സോഫ്റ്റ് ബ്രഷ് | -ടി- | .320 | 18 | 5.76 | 5.76 |

| | | | | | |
|---|---|---|---|---|---|
| ചാക്കുകൾ, ചൂലുകൾ | LS | 6.760 | 1.78 | 12.03 | 12.03 |
| കോൾടാർ ബോയ്ലർ വാടക | പ്രതിദിനം | .130 | 830 | 107.9 | 107.9 |
| പലവക | LS | 9.490 | 1.78 | 16.89 | 16.89 |
| മേറ്റ് | തൊഴിൽദിനം | .080 | 363 | 29.04 | 29.04 |
| കൂലിബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | .570 | 329 | 187.53 | 187.53 |
| ബെൽഡാർ(beldar) | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | 5 | 329 | 1645 | 1645 |
| മിസ്ത്രി | -ടി- | .190 | 435 | 82.65 | 82.65 |
| ചൗക്കിദാർ | | .270 | 329 | 88.83 | 88.83 |
| ഭിഷ്ടി | | .110 | 363 | 39.93 | 39.93 |
| ഡീസൽ റോഡ് റോളർ വാടക | പ്രതിദിനം | .110 | 1500 | 165 | 165 |
| ഡീസൽ ഓയിൽ | ലിറ്റർ | 2 | 55.49 | 110.98 | 110.98 |
| കടത്ത് കൂലി | LS | 2.730 | 1.78 | 4.86 | 4.86 |
| ബിറ്റ്മിൻ മിക്സർ | പ്രതിദിനം | .040 | 4000 | 160 | 160 |
| | | | ആകെ | 13280.35 | 12156.45 |
| വാട്ടർ ചാർജ്ജ്(1%),<br>കരാറ്കാരന്റെ ലാഭം(10%),<br>ഓവർഹെഡ് ചാർജ്ജ്(5%) | | | | 132.80<br>2011.97 | 121.56<br>1841.7 |
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 15425.12 | 14119.71 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 154.25 | 141.20 |
| കോസ്റ്റ് ഇൻഡക്സ്(1.381) | | | | 213.02 | 195 |
| കോസ്റ്റ് ഇൻഡക്സ്(1.3143) | | | | 202.73 | 185.58 |

ഗുണഭോക്തൃകമ്മറ്റിയാണ് പ്രവൃത്തി ചെയ്യുന്നതെങ്കിൽ വാട്ടർ ചാർജ്ജും കരാറ്കാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഒഴിവാക്കിയുള്ള നിരക്കാണ് സ്വീകരിക്കുന്നത്.121.56x1.381(കോസ്റ്റ് ഇൻഡക്സ്)=167.88ഒരു ചതുരശ്രമീറ്റർ ചിപ്പിംഗ് കാർപ്പറ്റ് ചെയ്യുന്നതിന്.

DSRകോഡ് 16.41പ്രകാരം ബിറ്റുമിൻ ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട് ചെയ്യുന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകിയത് കാരണം നൽകിയ നിരക്കും നൽകേണ്ട നിരക്കും.11/2015ലെ VG-30 ബിറ്റുമിന്റെ നികുതി ഉൾപ്പെടെയുള്ള മാർക്കറ്റ് വിലയാണ് എടുത്തിട്ടുള്ളത്.(33196)

| വിശദാംശം | യൂണിറ്റ് | അളവ് | നിരക്ക് | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|---|
| VG-30ബിറ്റുമിൻ വിനിയോഗിച്ചുള്ള പേവിംഗ് | ടൺ | .098 | 41000 | 4018 | 3253.21 |
| ബിറ്റുമിൻ കടത്ത്കൂലി | -ടി- | -ടി- | 106.49 | 10.44 | 10.44 |
| സ്റ്റോൺ എഗ്രഗേറ്റ് .06mm | ഘനമീറ്റർ | .900 | 1140 | 1026 | 1026 |
| -ടി- കടത്ത്കൂലി | -ടി- | .900 | 106.49 | 95.84 | 95.84 |
| സ്റ്റീംകോൾ(steamcoal) | ക്വിന്റൽ | 1.960 | 400 | 784 | 784 |
| സ്റ്റീംകോൾകടത്ത്കൂലി | ടൺ | .196 | 121.70 | 23.85 | 23.85 |
| വൈർ ബ്രഷ് | ഒന്ന് | .050 | 20 | 1 | 1 |
| സോഫ്റ്റ് ബ്രഷ് | -ടി- | .120 | 18 | 2.16 | 2.16 |
| കോൾടാർ ബോയ്ലർ വാടക | പ്രതിദിനം | .060 | 830 | 49.8 | 49.8 |
| പലവക | LS | 18.20 | 1.78 | 32.40 | 32.40 |
| മേറ്റ് | തൊഴിൽദിനം | .110 | 363 | 39.93 | 39.93 |
| കൂലിബിറ്റുമിൻ ചൂടാക്കുന്നതിന് | -ടി- | 1.400 | 329 | 460.60 | 460.60 |
| ബെൽഡാർ(beldar) | -ടി- | .690 | 329 | 227.01 | 227.01 |
| ബെൽഡാർ(beldar) | -ടി- | 1.400 | 329 | 460.60 | 460.60 |

| | | | | | |
|---|---|---|---|---|---|
| ബെൽഡാർ(beldar) | -ടി- | .510 | 329 | 167.79 | 167.79 |
| മേറ്റ് | തൊഴിൽദിനം | .050 | 363 | 18.15 | 18.15 |
| മിസ്ത്രി | -ടി- | .040 | 435 | 17.40 | 17.40 |
| കോൾടാർസ്പ്രേയർവാടക | | .060 | 300 | 18 | 18 |
| ചൗക്കിദാർ | | .150 | 329 | 49.35 | 49.35 |
| ഭിഷ്ടി | | .060 | 363 | 21.78 | 21.78 |
| ഡീസൽ റോഡ് റോളർ വാടക | പ്രതിദിനം | .060 | 1500 | 90 | 90 |
| ഡീസൽ ഓയിൽ | ലിറ്റർ | 1.080 | 55.49 | 59.93 | 59.93 |
| ചാക്കുകൾ, ചൂലുകൾ | LS | 2.730 | 1.78 | 4.86 | 4.86 |
| ബിറ്റ്മിൻ സ്പ്രേയർ | പ്രതിദിനം | .060 | 363 | 21.78 | 21.78 |
| | | | ആകെ | 7700.67 | 6935.88 |
| വാട്ടർ ചാർജ്ജ്(1%),<br>കരാറ്കാരന്റെ ലാഭം+<br>ഓവർഹെഡ് ചാർജ്ജ്(15%) | | | | 77<br>1166.65 | 69.36<br>1050.79 |
| 100ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 8944.32 | 8056.03 |
| 1ചതുരശ്രമീറ്റർ ചെയ്യുന്നതിന് | | | | 89.44 | 80.56 |
| കോസ്റ്റ് ഇൻഡക്സ്(1.381) | | | | 123.52 | 111.25 |
| കോസ്റ്റ് ഇൻഡക്സ്(1.3143) | | | | 117.55 | 105.88 |

ഗുണഭോക്തൃകമ്മറ്റിയാണ് പ്രവൃത്തി ചെയ്യുന്നതെങ്കിൽ വാട്ടർ ചാർജ്ജും കരാറ്കാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഒഴിവാക്കിയുള്ള നിരക്കാണ് സ്വീകരിക്കുന്നത്.69.36x1.381(കോസ്റ്റ് ഇൻഡക്സ്)=95.79ഒരു ചതുരശ്രമീറ്റർ ചിപ്പിംഗ്

കാർപ്പറ്റ് ചെയ്യുന്നതിന്.

| ക്രമ നം | പ്രവൃത്തിയുടെ വിവരം | ബിറ്റുമിൻ വിനിയോഗിച്ച് ചെയ്ത ഇനവും ഡിഎസ്ആർ പ്രകാരം നൽകിയ തുകയും | നൽകേണ്ട നിരക്ക് | അധികം നൽകിയത് |
|---|---|---|---|---|
| 1 | തയ്യുള്ളതിൽമുക്ക് സബ് സെന്റർ റോ ഡ് ടാറിംഗ് S0159/15 എംബുക്ക് 250/15-16 ബിൽനം 30/ 29.02.16 (2,72,670രൂപ) എഗ്രീമെന്റ് നം. AE/04/15-16/ 13.08.15<br>കരാറ്കാരൻ:സുരേഷ് ടി.<br>സാങ്കേതികാനമതി തുക: 3,00,000 | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-360.18 ചതുരശ്ര മീറ്റർ.ചതുര ശ്രമീറ്ററിന് 59.63 രൂപ നിരക്കിൽ 21477.53രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-360.18 ചതുരശ്രമീറ്റർ. ചതുര ശ്രമീറ്ററിന് 202.73രൂപ നിരക്കിൽ 73019.29രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-360.18 ചതുരശ്ര മീറ്റർ.ചതുരശ്രമീറ്ററിന് 117.56 രൂപ നിരക്കിൽ 42342.76 രൂപ<br>ആകെ=1,36,839.58രൂപ | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-360.18 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 50.71 രൂപ നിരക്കിൽ 18264.73രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-360.18 ചതുരശ്രമീറ്റർ. ചതുര ശ്രമീറ്ററിന് 185.58രൂപ നിരക്കിൽ 66842.20രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-360.18 ചതുരശ്ര മീറ്റർ.ചതുരശ്രമീറ്ററിന് 105.88 രൂപ നിരക്കിൽ 38135.86 രൂപ<br>ആകെ=1,23,242.79രൂപ | 1,36,839.58-1,23,242.79= 13596.79 |
| 2 | പാറപ്പുറത്ത്കണ്ടി gwlp സ്കൂൾ റോഡ് S0162/15<br>എംബുക്ക്<br>319/13-14<br>ബിൽനം.<br>46/28.03.16<br>(2,67,000രൂപ) എഗ്രീമെന്റ് നം. AE/06/15-16/ 13.08.15<br>കരാറ്കാരൻ:ടി.സുരേഷ് സാങ്കേതികാനമതി തുക: 3,00,000. | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-339.21 ചതുരശ്ര മീറ്റർ.ചതുരശ്രമീറ്ററിന് 59.63 രൂപ നിരക്കിൽ20227.09രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-339.21 ചതുരശ്രമീറ്റർ. ചതുര ശ്രമീറ്ററിന് 202.73രൂപ നിരക്കിൽ 68,768.04രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-339.21 ചതുരശ്ര മീറ്റർ.ചതുരശ്രമീറ്ററിന് 117.56 രൂപ നിരക്കിൽ39877.53 രൂപ<br>ആകെ=1,28,872.66രൂപ | 1)VG-30 വിനിയോഗിച്ച ള്ള ടാക്ക് കോട്ട്-339.21 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 50.71 രൂപ നിരക്കിൽ 17201.34രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-339.21ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 185.58രൂപ നിരക്കിൽ 62950.60രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-339.21 ചതുരശ്ര മീറ്റർ.ചതുരശ്രമീറ്ററിന് 105.88 രൂപ നിരക്കിൽ 35915.55രൂപ<br>ആകെ=1,16,067.49രൂപ | 1,28,872.66-1,16,067.49= 12805.17 |
| 3 | പുല്ലരിക്കുന്ന്ചേന്നിക്കുന്നമ്മൽറോഡ് ടാറിംഗ് S0165/15 എംബുക്ക് 258/15-16 ബിൽനം38/ 14.03.16 (267824രൂപ) എഗ്രീമെന്റ് നം.30/15 16/13.08.15<br>കരാര്കാരൻ:കെ.വി. മുഹ മ്മദ് അഷ്റ ഫ്<br>സാങ്കേതികാനമതി തുക: 3,00,000 | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-299.60 ചതുരശ്ര മീറ്റർ.ചതുരശ്രമീറ്ററിന് 59.63 രൂപ നിരക്കിൽ 17865.15 രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-299.6 ചതുരശ്രമീറ്റർ. ചതുര ശ്രമീറ്ററിന് 202.73രൂപ നിരക്കിൽ 60737.91രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-299.60ചതുരശ്ര മീറ്റർ.ചതുരശ്രമീറ്ററിന് 117.56 രൂപ നിരക്കിൽ 35220.98 രൂപ<br>ആകെ=1,13,824.04രൂപ | 1)VG-30 വിനിയോഗിച്ച ള്ള ടാക്ക് കോട്ട്-299.60ചതുരശ്ര മീറ്റർ.ചതുരശ്രമീറ്ററിന് 50.71 രൂപ നിരക്കിൽ 15192.72രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-299.60ചതുരശ്രമീറ്റർ.ചതുര ശ്രമീറ്ററിന് 185.58രൂപ നിരക്കിൽ 55599.77രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-299.60 ചതുരശ്ര മീറ്റർ.ചതുരശ്രമീറ്ററിന് 105.88 രൂപ നിരക്കിൽ 31721.65രൂപ<br>ആകെ=1,02,514.14രൂപ | 1,13,824.04-1,02,514.14= 11,309.90 |

| | | | | |
|---|---|---|---|---|
| | | | | |
| 4 | ചെട്ട്യാംതറോൽചേനിക്കണ്ടിറോഡ് മെറ്റലിംഗ് ടാ റിംഗ് S0045/16 എംബുക്ക് 253/15-16 ഡിഡിനം 252229/02.03.16 (2,82,000രൂപ) എഗ്രീമെന്റ് നം. AE/lsgd/ndr/10/15-16/ 14.09.15<br>കരാറ്കാരൻ:ടി.സുരേഷ്<br>സാങ്കേതികാനുമതി തുക: 3,00,000 | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-357.30ചതുരശ്ര മീറ്റർ.ചതുരശ്രമീറ്ററിന് 62.66 രൂപ നിരക്കിൽ22388.42 രൂപ<br>2)പ്രിമിക്സ്ഡ്ചിപ്പിംഗ്കാർപ്പറ്റ്-357.30 ചതുരശ്രമീറ്റർ.ചതുരശ്ര മീറ്ററിന് 213.02രൂപ നിര ക്കിൽ 76112.05രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-357.30 ചതുരശ്ര മീറ്റർ.ചതുരശ്രമീറ്ററിന് 123.52 രൂപ നിരക്കിൽ 44,133.70 രൂപ<br>ആകെ=1,42,634.17രൂപ | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-357.30ചതുരശ്ര മീറ്റർ.ചതുരശ്രമീറ്ററിന് 53.28 രൂപ നിരക്കിൽ 19036.94രൂപ<br>2)പ്രിമിക്സ്ഡ്ചിപ്പിംഗ്കാർപ്പറ്റ്-357.30ചതുരശ്രമീറ്റർ.ചതുര ശ്രമീറ്ററിന് 195രൂപ നിരക്കിൽ 69,673.5രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-357.30 ചതുരശ്ര മീറ്റർ.ചതുരശ്രമീറ്ററിന് 111.25 രൂപ നിരക്കിൽ 39749.63 രൂപ<br>ആകെ=1,28,460.07രൂപ | 1,42,634.17-1,28,460.07= 14,174.10 |
| 5 | മദ്രസ്സമുക്ക് കേരഫെഡ് റോഡ് മെറ്റ ലിംഗ് ടാറിം ഗ് S0100/16 എംബുക്ക് 260/15-16 ബിൽ നം. 36/14.3.16 (14,615രൂപ) പിഒസി നം12353481/14.03.16(270385രൂപ) എഗ്രീമെന്റ് നം. AE/lsgd/ndr/04/15-16 /14.09.15<br>കരാറ്കാരൻ:ടി.സുരേഷ്<br>സാങ്കേതികാനുമതി തുക: 3,00,000 | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-320.60 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 62.66 രൂപ നിരക്കിൽ20088.80രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-320.60 ചതുരശ്ര മീറ്റർ. ചതു രശ്രമീറ്ററിന് 213.02രൂപ നിര ക്കിൽ 68294.21 രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-320.60 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 123.53 രൂപ നിരക്കിൽ39600.51രൂപ<br>ആകെ=1,27,983.52രൂപ | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-320.60ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 53.28 രൂപ നിരക്കിൽ 17081.57രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-320.60ചതുരശ്രമീറ്റർ. ചതു രശ്രമീറ്ററിന് 195രൂപ നിര ക്കിൽ 62517രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-320.60 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 111.25 രൂപ നിരക്കിൽ 35666.75രൂപ<br>ആകെ=1,15,265.32രൂപ | 1,27,983.52-1,15,265.32= 12,718.20 |
| 6 | വെങ്ങളത്ത്കണ്ടി തറോ ൽമീത്തൽ റോഡ് റീടാറിംഗ് S0114/16 എംബുക്ക് 323/13-14 ബിൽനം 51/ 31.03.16 (3,98,129രൂപ) എഗ്രീമെന്റ് നം. AE/lsgd/ndr/35/15-16/ 26.02.16<br>കരാറ്കാരൻ:അഷ്റഫ്എം<br>സാങ്കേതികാനുമതി തുക: 4,00,000 | 1)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-869.57 ചതുരശ്രമീറ്റർ.ചതുര ശ്രമീറ്ററിന് 213.02 രൂപ നിരക്കിൽ 1,85,236രൂപ<br>2)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-869.57 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 123.52 രൂപ നിരക്കിൽ 107409രൂപ<br>ആകെ=2,92,645രൂപ | 1)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-869.57ചതുരശ്രമീറ്റർ.ചതുര ശ്രമീറ്ററിന് 195രൂപ നിരക്കിൽ 1,69,566.15രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-869.57ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 111.25 രൂപ നിരക്കിൽ96739.66രൂപ<br>ആകെ=2,66,305.81രൂപ | 2,92,645-2,66,305.81= 26,339.19 |

| | | | | |
|---|---|---|---|---|
| 7 | തെങ്ങിൻതാഴെ ഇട്ടവാട്ട്ക ന്ന്റോഡ് ടാ റിംഗ് S0111/16 എംബുക്ക് 363/15-16 ബിൽനം 63/31.3.16 (2,00,000രൂപ) എഗ്രീമെന്റ് നം. AE/lsgd/ndr/09/15-16/14.09.15<br>കരാറ്കാരൻ: ടി.സുരേഷ്<br>സാങ്കേതികാനമതി തുക: 2,00,000 | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-287ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 62.66 രൂപ നിരക്കിൽ17983.42രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-287ചതുരശ്രമീറ്റർ.ചതുരശ്ര മീറ്ററിന് 213.02രൂപ നിര ക്കിൽ 61136.74 രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-287ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 123.53 രൂപ നിരക്കിൽ35450.24രൂപ<br>ആകെ=1,14,570.40രൂപ | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-287ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 53.28 രൂപ നിരക്കിൽ15291.36രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-287ചതുരശ്രമീറ്റർ.ചതുരശ്ര മീറ്ററിന് 195രൂപ നിര ക്കിൽ 55965 രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-287ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 111.25 രൂപ നിരക്കിൽ31928.75രൂപ<br>ആകെ=1,03,185.11രൂപ | 1,14,570.40-1,03,185.11= 11,385.29 |
| 8 | ഇട്ടവാട്ട്കന്ന്ചേന്നാത്ത്റോഡ് ടാറിംഗ് S0043/16 എംബുക്ക് 365/15-16 ബിൽനം 58/31.3.16 (2,23,852രൂപ) എഗ്രീമെന്റ് നം. AE/lsgd/20/15-16/ 08.10.15<br>കരാറ്കാരൻ:ടി.സുരേഷ്<br>സാങ്കേതികാനമതി തുക: 3,00,000 | 1)VG-30 വിനിയോഗിച്ച ള്ള ടാക്ക് കോട്ട്-330.09ചതുരശ്ര മീറ്റർ.ചതുരശ്രമീറ്ററിന് 62.66 രൂപ നിരക്കിൽ20683.44 രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-330.09ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 213.02രൂപ നിരക്കിൽ 70315.77 രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-330.09ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 123.52 രൂപ നിരക്കിൽ40772.72രൂപ<br>ആകെ=1,31,771.93രൂപ | 1)VG-30 വിനിയോഗിച്ച ള്ള ടാക്ക് കോട്ട്-330.09ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 53.28 രൂപ നിരക്കിൽ17,587.20 രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പ റ്റ്-330.09ചതുരശ്രമീറ്റർ. ചതുര ശ്രമീറ്ററിന് 195രൂപ നിരക്കിൽ 64367.55രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-330.09 ചതുരശ്രമീ റ്റർ. ചതുരശ്രമീറ്ററിന് 111.25 രൂപ നിരക്കിൽ 36722.51രൂപ<br>ആകെ=1,18,677.26രൂപ | 1,31,771.93-1,18,677.26= 13094.67 |
| 9 | കാഞ്ഞൂർതാഴെമീനപ്പൊയിൽപിഎച്സിറോഡ് റീടാറിംഗ് S091/16 എംബുക്ക് 367/15-16 ബിൽനം 59/ 31.03.16 (3,31,271രൂപ)എഗ്രീമെന്റ് നം. AE/lsgd /06/15-16/ 14.09.15<br>കരാറ്കാരൻ:ടി.സുരേഷ്<br>സാങ്കേതികാനമതി തുക: 4,00,000 | 1)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-705ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 213.02രൂപ നിരക്കിൽ 1,50,179.10രൂപ<br>2)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-705 ചതുരശ്രമീറ്റർ ചതുരശ്രമീറ്ററിന് 123.52രൂപ നിരക്കിൽ 87081.60രൂപ ആകെ=2,37,260.70രൂപ | 1)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-705 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 195രൂപ നിരക്കിൽ 1,37,475രൂപ<br>2)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-705 ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 111.25രൂപ നിരക്കിൽ 78431.25രൂപ ആകെ=2,15,906.25രൂപ | 2,37,260.70-2,15,906.25= 21,354.45 |
| 10 | സി.എച്.റോ ഡ് ടാറിംഗ് S0131/16 എംബുക്ക് 324/13-14 ബിൽനം 61/ 31.03.16 (4,00,000രൂപ) എഗ്രീ മെന്റ് നം. AE/lsgd /ndr/18/15-16/ 31.03.16 | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-237.98ചതുരശ്ര മീറ്റർ.ചതുരശ്രമീറ്ററിന് 62.66 രൂപ നിരക്കിൽ14911.83രൂപ | 1)VG-30 വിനിയോഗിച്ച ള്ള ടാക്ക് കോട്ട്-237.98ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 53.28 രൂപ നിരക്കിൽ12,679.57 രൂപ | 95001.62-85,560.95= 9440.67 |

| | | | | |
|---|---|---|---|---|
| | കരാറ്കാരൻ:ടി.സുരേഷ്<br>സാങ്കേതികാനുമതി തുക: 4,00,000 | 2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-237.98ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 213.02രൂപ നിരക്കിൽ 50694.50രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-237.98ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 123.52 രൂപ നിരക്കിൽ29395.29രൂപ<br>ആകെ=95001.62രൂപ | 2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-237.98ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 195രൂപ നിരക്കിൽ 46406.10രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-237.98 ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 111.25 രൂപ നിരക്കിൽ26475.28 രൂപ<br>ആകെ=85,560.95രൂപ | |
| 11 | എടോത്ത് താഴെ ഉപ്പൂ ത്തിയുള്ള തിൽ റോഡ് ടാറിംഗ് S0161/16 എംബുക്ക് 241/15-16 ബിൽനം 27/ 26.02.16 (3,44,000രൂപ) എഗ്രീമെന്റ് നം. 3B/15-16/ 13.08.15<br>കരാറ്കാരൻ:കെ.കെ. അബു<br>സാങ്കേതികാനുമതി തുക: 4,00,000 | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-655.33 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 59.63 രൂപ നിരക്കിൽ39077.32 രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-655.33 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 202രൂപ നിരക്കിൽ 132455.05രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-655.33 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 117.56 രൂപ നിരക്കിൽ77040.60രൂപ<br>ആകെ=2,48,572.97രൂപ | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-655.33 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 50.71 രൂപ നിരക്കിൽ33231.78 രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-655.33ചതുരശ്രമീറ്റർ.ചതുരശ്രമീറ്ററിന്185.58രൂപ നിരക്കിൽ 121616.14രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-655.33 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 105.88 രൂപ നിരക്കിൽ 69386.34രൂപ<br>ആകെ=2,24,234.26രൂപ | 2,48,572.97-2,24,234.26= 24338.71 |
| 12 | കരുമ്പാപൊയിൽ കുനി യിൽതാഴെ ആയാറമ്പത്ത്റോഡ് ടാറിംഗ് S0099/16 എംബുക്ക് 322/13-14 ബിൽനം 45/ 31.03.16 (399789രൂപ) എഗ്രീമെന്റ് നം. AE/lsgd /ndr/23/15-16/ 3.10.15<br>കരാറ്കാരൻ:ടി.സുരേഷ്<br>സാങ്കേതികാനുമതി തുക: 4,00,000 | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-611.40ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 62.66 രൂപ നിരക്കിൽ 38310.32രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-611.40 ചതുരശ്ര മീറ്റർ. ചതുരശ്ര മീറ്ററിന് 213.02രൂപ നിരക്കിൽ 130240.43രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-611.40ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 123.53 രൂപ നിരക്കിൽ രൂപ75520.13<br>ആകെ=2,44,070.88രൂപ | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-611.40 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 53.28 രൂപ നിരക്കിൽ32575.40 രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-611.40 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 195 രൂപ നിരക്കിൽ 119223രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-611.40 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 111.25 രൂപ നിരക്കിൽ 68018.25രൂപ<br>ആകെ=2,19,816.65രൂപ | 2,44,070.88-2,19,816.65= 24,254.23 |
| 13 | വട്ടക്കണ്ടിപൊറായ് കട്ടമ്പത്ത്റോഡ് ടാറിംഗ് S0134/16 എംബുക്ക് 362/15-16 ബിൽനം42/ 31.3.16 (126000രൂപ) ബിൽനം 43/ 31.3.16 (245000രൂപ) എഗ്രീമെ ന്റ് നം. AE/lsgd | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-396.56 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 62.66 രൂപ നിരക്കിൽ24848.45 രൂപ | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-396.56 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 53.28 രൂപ നിരക്കിൽ 21128.72രൂപ | 1,58,306.75-1,42,575.22= 15,731.53 |

| | | | | |
|---|---|---|---|---|
| | /ndr/19/15-16/ 3.10.15<br>കരാറ്കാരൻ:ടി.സുരേഷ്<br>സാങ്കേതികാനുമതി തുക: 3,71,000 | 2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-396.56ചതുരശ്രമീറ്റർ. ചതുരശ്രുമീറ്ററിന് 213.02രൂപ നിരക്കിൽ 84475.21 രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-396.56 ചതുരശ്രുമീറ്റർ. ചതുരശ്രുമീറ്ററിന് 123.53 രൂപ നിരക്കിൽ48983.09 രൂപ<br>ആകെ=1,58,306.75രൂപ | 2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-396.56ചതുരശ്രമീറ്റർ. ചതുരശ്രുമീറ്ററിന് 195രൂപ നിരക്കിൽ 77329.20രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-396.56 ചതുരശ്രുമീറ്റർ. ചതുരശ്രുമീറ്ററിന് 111.25 രൂപ നിരക്കിൽ 44117.30രൂപ<br>ആകെ=1,42,575.22രൂപ | |
| 14 | കേരഫെഡ്പുറക്കൈനടറോഡ് ടാറിംഗ് S044/16 എംബുക്ക് 237/15-16 ബിൽനം 17/15.2.16 (135980രൂപ) ബിൽനം 18/15.2.16 (164020രൂപ) എഗ്രീമെന്റ് നം. AE/lsgd/ndr/29/15-16/3.10.15<br>കരാറ്കാരൻ:കെ.പ്രകാ ശൻ<br>സാങ്കേതികാനുമതി തുക: 3,00,000 | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-478.44 ചതുരശ്രുമീറ്റർ. ചതുരശ്രുമീറ്ററിന് 62.66 രൂപ നിരക്കിൽ29979.05 രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-478.44ചതുരശ്രമീറ്റർ. ചതുരശ്രുമീറ്ററിന് 213.02രൂപ നിരക്കിൽ101917.29രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-478.44ചതുരശ്രുമീറ്റർ. ചതുരശ്രുമീറ്ററിന് 123.52 രൂപ നിരക്കിൽ59096.91 രൂപ<br>ആകെ=1,90,993.25രൂപ | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-478.44 ചതുരശ്രുമീറ്റർ. ചതുരശ്രുമീറ്ററിന് 53.28 രൂപ നിരക്കിൽ25491.28 രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-478.44ചതുരശ്രമീറ്റർ. ചതുരശ്രുമീറ്ററിന് 195രൂപ നിരക്കിൽ 93295.80രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-478.44 ചതുരശ്രുമീറ്റർ. ചതുരശ്രുമീറ്ററിന് 111.25 രൂപ നിരക്കിൽ53226.45 രൂപ<br>ആകെ=1,72,013.53രൂപ | 1,90,993.25-1,72,013.53= 18,979.72 |
| 15 | കൊയിലോത്ത് തറ അം ഗനവാടിറോഡ് ടാറിംഗ് S0130/16 എംബുക്ക് 256/15-16 ബിൽനം 18/ 26.2.16 (1,16,000രൂപ) എഗ്രീമെന്റ് നം. AE/lsgd/ndr/31/15-16 /23.11.15<br>കരാറ്കാരൻ:എംഅഷ്റഫ്<br>സാങ്കേതികാനുമതി തുക: 4,00,000 | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-326.13 ചതുരശ്രുമീറ്റർ. ചതുരശ്രുമീറ്ററിന് 62.66 രൂപ നിരക്കിൽ20435.31 രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-326.13ചതുരശ്രമീറ്റർ. ചതുരശ്രുമീറ്ററിന് 213.02രൂപ നിരക്കിൽ69472.21രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-326.13ചതുരശ്രുമീറ്റർ. ചതുരശ്രുമീറ്ററിന് 123.52 രൂപ നിരക്കിൽ40283.58 രൂപ<br>ആകെ=1,30,191.10രൂപ | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-326.13ചതുരശ്രുമീറ്റർ. ചതുരശ്രുമീറ്ററിന് 53.28 രൂപ നിരക്കിൽ17376.21രൂപ<br>2)പ്രിമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-326.13ചതുരശ്രമീറ്റർ. ചതുരശ്രുമീറ്ററിന് 195രൂപ നിരക്കിൽ 63595.35രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-326.13 ചതുരശ്രുമീറ്റർ. ചതുരശ്രുമീറ്ററിന് 111.25 രൂപ നിരക്കിൽ36281.96രൂപ<br>ആകെ=1,17,253.52രൂപ | 1,30,191.10-1,17,253.52= 12,937.58 |
| 16 | ചെറായിമീത്തൽ പുളിയ ങ്ങണ്ടിപുൽപാറക്കുന്ന്റോഡ് ടാറിംഗ് S0093/16 എംബുക്ക് 372/15-16 ബിൽനം41/ 18.3.16 (75,000രൂപ അഡ്വാ ൻസ്) എഗ്രീമെന്റ് നം. | 1)VG-30 വിനിയോഗിച്ചുള്ള ടാക്ക് കോട്ട്-309.3 ചതുരശ്രുമീറ്റർ.ചതുരശ്രുമീറ്ററിന് 54.49 രൂപ നിരക്കിൽ 16853.76രൂപ | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-309.3 ചതുരശ്രുമീറ്റർ. ചതുരശ്രുമീറ്ററിന് 45.86 രൂപ നിരക്കിൽ 14184.50രൂപ | 1,07,367.31-95,737.63= 11,629.68 |

| | | | | |
|---|---|---|---|---|
| | AE/lsgd/ndr/34/15-16/10.2.16<br>കൺവീനർ:ബാലകൃഷ്ണൻ ഭഗവതിക്കണ്ടി<br>സാങ്കേതികാനുമതി തുക: 3,00,000 | 2)പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-309.3ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 185.23രൂപ നിരക്കിൽ57291.64രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-309.3ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 107.41 രൂപ നിരക്കിൽ33221.91രൂപ<br>ആകെ=1,07,367.31രൂപ | 2)പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-309.3ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 167.88രൂപ നിരക്കിൽ51925.28രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-309.3ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 95.79 രൂപ നിരക്കിൽ29627.85രൂപ<br>ആകെ=95,737.63രൂപ | |
| 17 | തൈക്കണ്ടിമുക്ക് തിരുമംഗ ലത്ത്താഴെ റോഡ് ടാറിംഗ് S0113/16 എംബുക്ക് 251/15-16 ബിൽനം39/ 14.3.16 (4,00,000രൂപ) എഗ്രീമെന്റ് നം. AE/lsgd/ndr/12/15-16 /14.9.15<br>കരാറ്കാരൻ:ടി.സുരേഷ്<br>സാങ്കേതികാനുമതി തുക: 3,00,000 | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-452.25 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 62.66 രൂപ നിരക്കിൽ28337.99 രൂപ<br>2)പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-452.25ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 213.02രൂപ നിരക്കിൽ96338.30രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-452.25ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 123.52 രൂപ നിരക്കിൽ55861.92 രൂപ<br>ആകെ=1,80,538.21രൂപ | 1)VG-30 വിനിയോഗിച്ചു ള്ള ടാക്ക് കോട്ട്-452.25 ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 53.28 രൂപ നിരക്കിൽ24095.88 രൂപ<br>2)പ്രീമിക്സ്ഡ് ചിപ്പിംഗ് കാർപ്പറ്റ്-452.25ചതുരശ്രമീറ്റർ. ചതുരശ്രമീറ്ററിന് 195രൂപ നിരക്കിൽ88188.75രൂപ<br>3)ചിപ്പിംഗ് കാർപ്പറ്റിന് മേൽ സീൽകോട്ട്-452.25ചതുരശ്ര മീറ്റർ. ചതുരശ്രമീറ്ററിന് 111.25 രൂപ നിരക്കിൽ50312.81 രൂപ<br>ആകെ=1,62,597.44രൂപ | 1,80,538.21-1,62,597.44= 17940.77 |
| | | | ആകെ | 2,72,030.65റൗണ്ട് ചെയ്ത് 2,72,031രൂപ |

ബിറ്റുമിന്റെ മാർക്കറ്റ് വിലയെക്കാൾ കൂടുതലുള്ള ഡിഎസ്ആർ നിരക്ക് ഉൾപ്പെടുത്തി ബിറ്റുമിൻ പ്രവൃത്തിക ളുടെ നിരക്ക് നിർണ്ണയിച്ചതിനാൽ കരാറ്കാരന് അധികമായി നൽകിയ 2,72,031രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-2 റോഡിന്റെ ഉപരിതലം മണ്ണിട്ടുയർത്തിയതിന് ശേഷം ക്വാറിമക്കിട്ട പ്രവൃത്തിക്ക് ആധികാരികതയില്ല

റോഡ് പ്രവൃത്തികളിൽ സംരക്ഷണഭിത്തി കെട്ടുന്നതിനോടൊപ്പം ഉപരിതലം മണ്ണിട്ടുയർത്തുന്ന പ്രവൃത്തിയും ചെയ്തിട്ടുണ്ട്.റോഡ് മണ്ണിട്ടുയർത്തിയതിന് ശേഷം അതേ ഭാഗത്ത് ക്വാറിമക്ക് ഇടുന്നതായും കാണുന്നു.വെള്ളക്കെട്ടുള്ള സ്ഥലങ്ങളിലാണ് ക്വാറിമക്കിട്ടതായി പറയുന്നത്.ഐആർസി സ്പെസിഫിക്കേഷൻ പ്രകാരം വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ മണ്ണിട്ടുയർത്തുകയും ഡ്രെയിനേജ് നിർമ്മിക്കുകയുമാണ് പരിഹാരമാർഗ്ഗമായി നിർദ്ദേശിച്ചിട്ടുള്ളത്(IRC34-2011കാണുക).എന്നാൽ മണ്ണിട്ടുയർത്തിയതിന് മേൽ ക്വാറിമക്കിട്ടതിന്റെ ആധികാരികത വ്യക്തമല്ല.മണ്ണിന് പകരം ക്വാറി മക്ക് ഉപയോഗിച്ചത് കാരണം പഞ്ചായത്തിന് അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്.വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ വിവരം | ക്വാറിമക്കിട്ടതിന്റെഅളവും നൽകിയ തുകയും | ക്വാറിമക്കിന് പകരം മണ്ണിട്ടി | അധികച്ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | രുന്നെങ്കിലുള്ള ചെലവ് | |
| 1 | പുതിയപുറംമാന്താട്ടിൽ റോഡ്സംരക്ഷണം. പ്രോജക്ട് നം S0041/16. എംബുക്ക്നം325/13-14. കരാറ്കാരൻ:കെ.കെ. അബു ബിൽനം54/31.3.16 (3,14,905രൂപ) | 31.03എം3@ 1224.27/എം3= 37,989രൂപ | 31.03എം3@ 411.14/എം3= 12757.67രൂപ | 37989-12757.67 = 25231.33രൂപ |
| 2 | തുരുത്തിയിൽപുതുവന റോഡ്സോളിംഗ്. പ്രോജക്ട് നം S0049/16. എംബുക്ക്നം152/14-15. കരാറ്കാരൻ:സുരേഷ്.ടി. ബിൽനം1/30.6.15 (2,46,555രൂപ) | 67.5എം3@ 974/എം3= 192961.58 രൂപ | 67.5എം3@ 288.1/എം3= 19446.75രൂപ | 1,92,961.58-19446.75= 1,73,514.83രൂപ |
| 3 | തയ്യുള്ളതിൽമുക്ക്പറമ്പത്ത്മുക്ക്റോഡ്സംരക്ഷണം. പ്രോജക്ട് നം S0046/16. എംബുക്ക്നം373/15-16. കൺവീനർ:ശശി.ടി.പി. ബിൽനം52/31.3.16 (1,56,841രൂപ) | 29.10എം3@ 1064.58/എം3= 30979.28രൂപ | 29.1എം3@ 357.51/എം3= 10,403.54രൂപ | 30979.28-10403.54= 20575.74രൂപ |
| 4 | കൊയമ്പ്രത്ത്താഴഎടോ ത്ത്താഴറോഡ്പുനരുദ്ധാര ണം. പ്രോജക്ട് നം S0126/16. എംബുക്ക്നം102/11-12. കൺവീനർ:വി.എം.ഇമ്പിച്ചിമൊയ്തി ബിൽനം56/31.3.16 (2,60,292രൂപ) | 57.52എം3@ 1064.58/എം3= 61234.64രൂപ | 57.52എം3@ 357.51/എം3= 20563.97രൂപ | 61234.64-20563.97= 40670.67രൂപ |
| | | | ആകെ | 2,59,993രൂപ |

മേൽപറഞ്ഞ എല്ലാ പ്രവൃത്തികളിലും മണ്ണിട്ട് റോഡിന്റെ ഉപരിതലം ഉയർത്തിയ ഭാഗത്ത് തന്നെ ക്വാറിമക്കിട്ട് ഉപരിതലം ഉയർത്തുന്നത് ഐആർസി സ്പെസിഫിക്കേഷനിൽ ഇല്ലാത്തതാണ്. ആയതിനാൽ അധികതുക നൽകിയത് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികൾ-കോൺക്രീറ്റ് പ്രവൃത്തിക്ക് അധികനിരക്ക് നൽകിയതിനാൽ പഞ്ചായത്തിന് നഷ്ടം

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണഉദ്യോഗസ്ഥനായ മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ റോഡിൽ 1:2:4 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിയിൽ അധികനിരക്ക് നൽകിയതായി കാണുന്നു.ഡിഎസ്ആർ കോഡ് 11.7പ്രകാരം കെട്ടിടങ്ങളുടെ കോൺക്രീറ്റ് ഫ്ലോറിംഗ് ചെയ്യുന്നതിനുള്ള നിരക്കാണ് റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് നൽകിയിരിക്കുന്നത്. 1:4:8 അനുപാതത്തിൽ 40എംഎം കല്ല് ഉപയോഗിച്ചുള്ള കോൺക്രീറ്റ് പ്രവൃത്തിക്ക് മുകളിലാണ് 1:2:4അനുപാതത്തിലുള്ള കോൺക്രീറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്.ഡിഎസ്ആർ കോഡ് 4.1.8 പ്രകാരമാണ് 1:4:8 ലുള്ള കോൺക്രീറ്റിന്റെ നിരക്ക് കണക്കാക്കിയത്.1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് പ്രവൃത്തിയുടെ നിരക്ക് ഡിഎസ്ആർ കോഡ് 4.1.3ന് പകരം 11.7 ലെ നിരക്ക് നൽകിയത് കാരണം അധികച്ചെലവ് വന്നിട്ടുണ്ട്.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ വിവരം | 1:2:4 അനുപാതത്തിൽ ചെയ്ത പ്രവൃത്തിയും നൽകിയ തുകയും | ഡിഎസ്ആർകോഡ് 4.1.3 പ്രകാരം നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | മുഴുവൻവെള്ളിതാഴെപാറപ്പുറത്ത്കണ്ടിറോഡ്. പ്രോജക്ട്നം S0137/16. എംബുക്ക്നം197/15-16 കരാറ്കാരൻ:എം.പ്രകാ ശൻ ബിൽനം44/31.3.16 (2,98,366രൂപ) | 16.33എം3@7953.46/എം3 = 1,29,880രൂപ | 16.33എം3@7548.96/എം3=1,23,274.52രൂപ | 6605.48 രൂപ |
| 2 | കീഴനപറമ്പത്ത്പാറയ്ക്കൽമീത്തൽറോഡ്. പ്രോജക്ട്നംS0104/16. എംബുക്ക്നം240/15-16 കരാറ്കാരൻ:കെ.ഗോപാലൻ ബിൽനം15/18.2.16 (3,00,000രൂപ) POCno12352963/29.2.16(98372രൂപ) | 18.08എം3@7953.46/എം3 = 1,43,798.56രൂപ | 18.08എം3@7548.96/എം3 = 1,36,485.20രൂപ | 7313.36 രൂപ |
| 3 | ആയിരോളിത്താഴ ആയി രോളിമീത്തൽറോഡ്. പ്രോജക്ട്നംS0133/16. | 18.56എം3@7953.46/എം3 = 1,47,616.22രൂപ | 18.56എം3@7548.96/എം3 =1,40,108.70രൂപ | 7507.52 രൂപ |

| | | | | |
|---|---|---|---|---|
| | എംബുക്ക്നം239/15-16 കരാറ്കാരൻ:പുഷ്പരാജ് ബിൽനം15/11.2.16 (2,98,864രൂപ) | | | |
| | | | ആകെ | 21426രൂപ |

അധികം നൽകിയ 21426രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-4 എസ് സി വനിതകൾക്ക് ഓട്ടോറിക്ഷ-പദ്ധതി പരാജയപ്പെട്ടു

നിർവ്വഹണഉദ്യോഗസ്ഥൻ :അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം. : S0110/16 അടങ്കൽ:200,000(വികസനഫണ്ട്)

അർഹരായ പട്ടികജാതി വനിതകൾക്ക് സ്വയംതൊഴിലിനായി ഓട്ടോറിക്ഷ നൽകുന്ന പദ്ധതിയിൽ നാല് ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്.ബാങ്ക് വായ്പയുമായി ബന്ധിച്ചുള്ള പദ്ധതിയിൽ ഗുണഭോക്താക്കളുടെ അർഹതാമാനദണ്ഡങ്ങളിൽ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും വേണമെന്നുണ്ടെങ്കിലും ആയതില്ലാത്ത താണ് പദ്ധതി പരാജയപ്പെടാൻ കാരണം.ലൈസൻസും ബാഡ്ജും ഇല്ലാത്ത അപേക്ഷകരെ ങ്ങനെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടു എന്ന് വ്യക്തമല്ല. തുക വിതരണം ചെയ്തതിന്റെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | സബ്സിഡി | ചെക്ക്/ഡിഡിനം. |
|---|---|---|
| അഖിത താമരപ്പൊയിൽ | 50,000രൂപ | 253587/31.3.16 |
| അജിത കോതേരി | 50,000രൂപ | 253588/31.3.16 |
| സരിത എടോത്ത്ചാലിൽ | 50,000രൂപ | 253586/31.3.16 |
| വിനീത പുതുക്കുടിമീത്തൽ | 50,000രൂപ | 253589/31.3.16 |
| ആകെ | 200,000രൂപ | |

ലൈസൻസ് ലഭിച്ച് ഒരു വർഷം കഴിഞ്ഞാലാണ് ബാഡ്ജ് ലഭിക്കുക എന്നതിനാൽ ആർക്കും ഓട്ടോറിക്ഷ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല.സബ്സിഡിയിനത്തിൽ നൽകിയ 2ലക്ഷം രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് പലിശ സഹിതം ഈടാക്കി സഞ്ചിതനിധിയിൽ അടവാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സബ്സിഡി തുക ഈടാക്കുന്നതാണെന്ന് നിർവ്വഹണഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

## 3-5 കാർഷിക മേഖലയിലെ പ്രൊജക്ടുകൾ - ഗ്രാമസഭ തിരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

കൃഷി ഓഫീസർ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ ഗ്രാമസഭ തിരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്

(1) പ്രൊജക്റ്റ് നമ്പർ 18/16, തെങ്ങിന് ജൈവവള പ്രയോഗം

അടങ്കൽ : 4,73,750/- [3,55,282/- വികസനഫണ്ട്, 1,18,468/- ഗുണഭോക്തൃവിഹിതം]

ചെലവ് : 3,55,282/- ( ബിൽ നം. 01/15-16/14.10.15, - 3,33,960/-

ബിൽ നം. 03/15-16/18.0316, - 21,322/- )

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ ചെറുകിട നാമമാത്ര കർഷകരുടെ 9475 തെങ്ങുകൾക്ക് തെങ്ങൊന്നിന് പരമാവധി 50രൂപയുള്ള ജൈവവളം 75% സബ്സിഡിയോടു കൂടി നൽകുന്നതിന് വേണ്ടിയാണ് മേൽ പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയത്. പ്രൊജക്റ്റ് നടപ്പാക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ( 03.10.2015ലെ 86/2 നമ്പർ

തീരുമാനം) 345 പേരടങ്ങിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് 293 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ ഉൾപ്പെട്ട താഴെ പറയുന്ന 18 ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ അല്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | സബ്സിഡി തുക |
|---|---|---|---|
| 1 | ഉസ്സയിൻ, തെക്കെ ചീരക്കാട്ട് | 8 | 2062 |
| 2 | ബാലകൃഷ്ണൻ അയനിക്കാം മഠത്തിൽ | 14 | 1350 |
| 3 | രാഘവൻ നായർ, വടക്കേടത്ത് മീത്തൽ | 14 | 2062 |
| 4 | ഉണ്ണിനായർ, നിടിയകൊയമ്പ്രത്ത് | 16 | 2062 |
| 5 | രാഘവൻ നെല്ല്യോട്ടുകണ്ടി | 16 | 900 |
| 6 | അബ്ദുൾ ബഷീർ എടോത്ത് | 16 | 1687 |
| 7 | മൊയ്തി എ.കെ, നെല്ലിയാൽ | 16 | 637 |
| 8 | സുഹറ കുന്നത്ത് | 16 | 637 |
| 9 | അമ്മദ്കുട്ടി വിയ്യാംകുളങ്ങര | 16 | 788 |
| 10 | ഇമ്പിച്ചാലി ഒറ്റപുരക്കൽ | 16 | 2062 |
| 11 | മൂസ പുനത്തിൽ | 16 | 975 |
| 12 | ഷുക്കൂർ കല്ലിടുക്കിൽ | 16 | 563 |
| 13 | ബീരാൻ പുതുക്കുടി | 16 | 1312 |
| 14 | കാദർ ഞെരാലിൽ | 16 | 637 |
| 15 | ശ്രീധരൻ നായർ ഒതയോത്ത് | 16 | 675 |
| 16 | സുബൈർ വടക്കേക്കണ്ടി | 16 | 1312 |
| 17 | അസൈനാർ വട്ടക്കണ്ടി | 16 | 2062 |
| 18 | മുഹമ്മദ് കോയ എടോത്ത് | 16 | 2062 |
| ആകെ | | | 23845 |

<u>(2) പ്രൊജക്റ്റ് നമ്പർ 32/16, ജൈവ പച്ചക്കറി ഉൽപാദനം</u>

അടങ്കൽ : 1,98,050/- [1,01,500/- വികസനഫണ്ട്, 42,775/- ഗുണഭോക്തൃവിഹിതം]

ചെലവ് : 1,55,250/- ( ബിൽ നം. 08/15-16/26.03.16)

ഗ്രാമപഞ്ചായത്തിലെ 50കുടുംബശ്രീ സംഘങ്ങൾക്ക് 25 സെന്റ് വീതം സ്ഥലത്ത് കൃഷി ചെയ്യുന്നതിനാവശ്യമായ വിത്ത്, ജൈവവളം, ജൈവ കീടനാശിനി എന്നിവയടങ്ങിയ കിറ്റ് നൽകി 5ഹെക്ടർ സ്ഥലത്ത് ജൈവപച്ചക്കറി കൃഷി വ്യാപിക്കുന്നതിനായാണ് മേൽ പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയത്. വിത്ത് പൂർണ്ണമായും സൗജന്യമായും ജൈവവളം, ജൈവ കീടനാശിനി എന്നിവ യഥാക്രമം 75%, 50% സബ്സിഡിയോടെയുമാണ് വിതരണം ചെയ്തത്. പ്രൊജക്റ്റ് പ്രകാരം ആകെ 40 സംഘങ്ങൾക്ക് കിറ്റ് വിതരണം ചെയ്തതിൽ താഴെ പറയുന്നവർ ഗ്രാമസഭ തെരഞ്ഞെടുത്തിട്ടുള്ളവയല്ല.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | വാർഡ് നമ്പർ | സബ്സിഡി തുക |
|---|---|---|---|
| 1 | നിള | 2 | 3000 |
| 2 | ഫ്രണ്ട്സ് | 2 | 3000 |
| 3 | പ്രതീക്ഷ | 2 | 3000 |
| 4 | മൈത്രി | 6 | 3000 |
| 5 | പുതുമ | 7 | 3000 |
| 6 | തണൽ | 6 | 3000 |

| | | | |
|---|---|---|---|
| 7 | ഓർമ്മ | 6 | 3000 |
| 8 | ഉദയം | 7 | 3000 |
| 9 | നന്മ | 8 | 3000 |
| 10 | നന്ദനം | 2 | 3000 |
| 11 | വികാസ് | 1 | 3000 |
| ആകെ | | | 33000 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/01.11.16 ) ലഭിച്ച മറുപടിയിൽ ജൈവളം ലഭിച്ച മേൽപറഞ്ഞ ഗുണഭോക്താക്കളുടെ പേരുകൾ ഗ്രാമസഭയിൽ നിന്ന് വിട്ടുപോയതാണ് എന്ന് മെമ്പർമാർ അറിയിച്ചിരുന്നുവെന്നും തുടർന്നുള്ള ഗ്രാമസഭകളിൽ സാധൂകരണം നൽകാമെന്ന ഉറപ്പിൻമേലാണ് അവർക്ക് ആനുകൂല്യം നൽകിയതെന്നും ജൈവപച്ചക്കറി കൃഷികിറ്റ് നൽകിയ മേൽപ്പറഞ്ഞ സംഘങ്ങളെ 2016 ഫെബ്രുവരി മാസം നടന്ന ഗ്രാമസഭകൾ അംഗീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 2016 ഫെബ്രുവരി മാസം നടന്ന ഗ്രാമസഭ 2016-17ലെ പ്രൊജക്ടുകൾക്കു വേണ്ടിയുള്ള ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഗ്രാമസഭ അംഗീകരിക്കാത്തതും ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തതുമായവർക്ക് ആനുകൂല്യം നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽപറഞ്ഞ രണ്ടു പ്രൊജക്ടുകളിലായി അർഹതയില്ലാത്തവർക്കായി നൽകിയ ആകെ തുക 56845/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-6 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് : 21/16, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്.

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ : 4,32,400/- ( 2,16,200/- വികസനഫണ്ട്-പൊതുവിഭാഗം, 1,08,000/- ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ് : 2,16,200/- വികസനഫണ്ട്-പൊതുവിഭാഗം (ബിൽ നം. 06/15-16/18.03.16 1,97,000/-, ബിൽ നം. 10/15-16/26.03.16 18,800/-)

മേൽ പ്രൊജക്റ്റ് പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ വിവധ വാർഡുകളിൽപ്പെട്ട ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന 46 ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നു.

1) താഴെ പറയുന്ന 13 ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല . ഗ്രാമസഭ അംഗീകരിച്ച 33 ഗുണഭോക്താക്കൾക്ക് പുറമേ സ്കോളർഷിപ്പിനുള്ള അപേക്ഷകളിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ പരിശോധന നടത്തി അർഹരെന്ന് കണ്ടെത്തിയ ഈ 13 പേരെ കൂടി പദ്ധതി ഗുണഭോക്താക്കളായി പരിഗണിക്കാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചതിന്റെ (തീരുമാനം നമ്പർ 18/16(20) തീയതി 17.02.2016) അടിസ്ഥാനത്തിലാണ് ഇവർക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | നൽകിയ സ്കോളർഷിപ്പ് |
|---|---|---|---|
| 1 | ഫർസാന ഷെറിൻ കുന്നത്ത് തച്ചിനാനി | 8 | 6000 |
| 2 | മുർഷിദ ഇ.പി, എടപ്പുതുക്കുടി | 9 | 3000 |
| 3 | റിഫാന തിരുപ്പുറത്ത് | 3 | 6000 |
| 4 | അഷിൻ കൃഷ്ണ | 15 | 6000 |
| 5 | മുഹമ്മദ് നവാഫ്, ആഞ്ഞോളി | 7 | 3000 |
| 6 | അഭിനവ് തേവർക്കണ്ടി | 6 | 2400 |
| 7 | അജുൽ കൃഷ്ണൻ, നമ്പി വീട്ടിൽ | 7 | 6000 |
| 8 | അഭിഷേക് തെരുവത്ത് തലക്കൽ | 1 | 2400 |

| | | | |
|---|---|---|---|
| 9 | വിപിൻദാസ് മഠത്തിൽകുനിയിൽ | 8 | 6000 |
| 10 | അമൽദേവ് ഇടവാട്ടുകുന്ന് | 13 | 6000 |
| 11 | ആദിഷ് മരത്തോനമീത്തൽ | 8 | 6000 |
| 12 | വിസ്മയ മുണ്ടമുള്ളതിൽ | 8 | 6000 |
| 13 | നിരഞ്ജൻ താഴെപുനത്തിൽ | 10 | 6000 |
| ആകെ | | | 64800 |

2) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക നിശ്ചിത നിരക്കിൽ സ്കോളർഷിപ്പ് നൽകേണ്ടതാണെന്നും ആവശ്യമായ തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 50:25:25 അനുപാതത്തിൽ വകയിരുത്തേണ്ടതാണെന്നും ഗുണഭോക്താക്കൾ ഏത് ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരനാണോ ആ ഗ്രാമപഞ്ചായത്തായിരിക്കണം അവർക്ക് ധനസഹായം നൽകേണ്ടത് എന്നും 16.11.2013ലെ ജി.ഒ(എം.എസ്)362/2013 /തസ്വഭവ നമ്പർ ഉത്തരവിന്റെ അനുബന്ധം 16, ഖണ്ഡിക 5.8ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ പ്രൊജക്റ്റിന്റെ അടങ്കൽ തുകയിൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഇതു മൂലം ഗുണഭോക്താക്കൾക്ക് അവർക്ക് യഥാർത്ഥത്തിൽ അർഹതപ്പെട്ടതിന്റെ 50% തുക മാത്രമേ നൽകിയിട്ടുള്ളൂ.
അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 14/01.11.16) മറുപടിയിൽ അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം നൽകുന്നതിനായാണ് ഗ്രാമസഭ തിരഞ്ഞെടുക്കാത്ത 13 പേർക്ക് കൂടി ആനുകൂല്യം വിതരണം ചെയ്തത് എന്നും സ്കോളർഷിപ്പ് ഇനത്തിലുള്ള ജില്ല / ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ അവർ ഇ.എഫ്.എം.എസ് വഴി ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമസഭ അംഗീകരിക്കാത്ത 13 പേർക്ക് ആനുകൂല്യം വിതരണം ചെയ്തത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇവർക്ക് നൽകിയ ആകെ തുക 64800/- രൂപ ഗ്രാമസഭാ അംഗീകാരമില്ലാതെ ആനുകൂല്യം നൽകാൻ തീരുമാനമെടുത്ത കാലയളവിലെ സെക്രട്ടറി, പദ്ധതി നടപ്പാക്കിയ നിർവ്വഹണോദ്യോഗസ്ഥൻ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-7 വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താകൾക്ക് ആനുകൂല്യം നൽകി.

പദ്ധതിയുടെ പേര് : എസ് സി വനിതകൾക്ക് കോഴി വളർത്തൽ (37/2016)

അടങ്കൽ : 130950/-(പട്ടികജാതി വികസന ഫണ്ട് : 97485/-, ഗുണഭോക്തൃ വിഹിതം : 33465)

ചെലവഴിച്ചത്:100800/-(ബിൽ നം.4/15-16-72695/-, ബിൽ നം 8/15-16 2345/- ചെക്ക് നം.4324889/23.02.2016 25760/-)

മേൽ പദ്ധതിയിൽ 224 പേർക്ക് കോഴികളെ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 121 പേർ മാത്രമേ ഗ്രാമസഭ വഴി തിരഞ്ഞെടുക്കപ്പെട്ട ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ. ഗ്രാമസഭ മുഖാന്തിരമല്ലാതെ തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിനു വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു (നം. 4/27.10.2016) മറുപടി നൽകിയിട്ടുണ്ട്. ഗ്രാമസഭയുടെ അംഗീകാരത്തിനായി അപേക്ഷകരുടെ ലിസ്റ്റ് സമർപ്പിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമസഭ മുഖാന്തിരമല്ലാതെ 103 ഗുണഭോക്താകൾക്ക് കോഴി നൽകിയതിനെ ഓഡിറ്റ് നിരാകരിക്കുന്നു. ചെലവ് തുക 34505/- രൂപ (103*335) വെറ്ററിനറി സർജൻ, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

2. എസ് സി വനിതകൾക്ക് പശു വളർത്തൽ (37/2016) പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

അടങ്കൽ : 420000/-(പട്ടികജാതി വികസന ണ്ട് : 280000/-, ഗുണഭോക്തൃ വിഹിതം : 140000)

ചെലവഴിച്ചത് : 330000/-

ബിൽ നം. 2/15-16 40000/- 15.02.2016
ബിൽ നം. 3/15-16 20000/- 15.03.2016

ബിൽ നം. 5/15-16 80000/- 26.03.2016

ബിൽ നം. 6/15-16 60000/- 29.03.2016

ബിൽ നം. 7/15-16 20000/- 29.03.2016

ചെക്ക് നം 4324898 10000/- 03.03.2016

ചെക്ക് നം 4324900 20000/- 03.03.2016

ചെക്കുകൾ (വിവരം ലഭ്യമല്ല ) 80000/-

മേൽ പദ്ധതിയിൽ 11 പേർക്ക് പശുക്കളെ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

1. പശുവിനെ 3 വർഷം വളർത്തുമെന്ന ഗുണഭോക്താക്കളുമായി കരാർ വെച്ചില്ല.

2. പതിനൊന്നാം പദ്ധതി കാലത്ത് ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചില്ല എന്ന ഉറപ്പ് വരുത്തിയില്ല.

3. ഗ്രാമസഭ വഴി തിരഞ്ഞെടുക്കപ്പെട്ട ലിസ്റ്റിൽ മുൻഗണനയിലുള്ളവരെ ഒഴിവാക്കി പിന്നിലുള്ളവർക്ക് പശുക്കളെ നൽകിയതിനെ സാധൂകരിക്കുന്ന രേഖ സൂക്ഷിച്ചില്ല.

3. ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുത്തില്ല

ഗ്രാമപഞ്ചായത്തിന്റെ പന്ത്രണ്ടാം പഞ്ച വൽസര പദ്ധതി രേഖ പ്രകാരം വിദ്യാഭ്യാസ മേഖലയിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ നിർദേശിച്ച പന്ത്രണ്ടാം (പഞ്ചവൽസര പദ്ധതി രേഖ പേജ് 12) പ്രവർത്തികളിൽ പലതും ഏറ്റെടുത്ത് നടത്തിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ നൽകുന്നു.

1. എല്ലാ വീടുകൾക്കും ബയോഗ്യാസ്

2. മൊബൈൽ വെറ്റിനററി ക്ലിനിക്ക്

കൂടാതെ 2015-16 വർഷത്തെ വാർഷിക പദ്ധതി രേഖ പ്രകാരം ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് നിഷകർഷിച്ച പരിഹാര മാർഗമായ താഴെ പറയുന്ന പ്രവർത്തികളും ഏറ്റെടുത്ത് നടത്തിയതായി കാണുന്നില്ല.

1. നാടൻ പശുക്കളെ സംരക്ഷിക്കുന്നതിനു പ്രോൽസാഹനം നൽകുക

6. കാലിത്തീറ്റ പ്രാദേശികമായി നിർമിക്കുന്നതിനു പരിശീലനം നൽകുക

പദ്ധതികൾ തയ്യാറാക്കുമ്പോൾ അവ പദ്ധതി രേഖകൾക്കും മാർഗരേഖകൾക്കും അനുസൃതമാണോയെന്ന ഉറപ്പ് വരുത്തേണ്ടതാണ്.

## 3-8 ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1. പദ്ധതി മാർഗരേഖ പാലിച്ചില്ല

പദ്ധതിയുടെ പേര്: സമഗ്ര വിദ്യാഭാസ പരിപാടി (4/2016)

അടങ്കൽ : 50,000/-(തനത് ഫണ്ട്)

ചെലവഴിച്ചത് : 50,000/-(ചെക്ക് നം.4324889/23.02.2016)

കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുക, സർഗാത്മക കഴിവുകൾ വികസിപ്പിക്കുക എന്നിവ ഉദ്ദേശിച്ചാണ് മേൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.16.11.2013ലെ സ.ഉ(കൈ) നം.362/2013/ത.സ്വ.ഭ.വ പ്രകാരം മേൽ ആവശ്യാർഥമുള്ള പദ്ധതികൾ എസ് എസ് എ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കാനാണു നിർദേശിച്ചിരിക്കുന്നത്. മേൽ നിർദേശത്തിനു വിരുദ്ധമായിട്ടാണ് തനത് ഫണ്ടിൽ നിന്നും തുക ചിലവഴിച്ച് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

2. എസ് എസ് എ വിഹിതം നൽകൽ - അപാകതകൾ

പദ്ധതിയുടെ പേര്: എസ് എസ് എ വിഹിതം നൽകൽ (3/2016)

അടങ്കൽ : 600000/-(പൊതുവിഭാഗ വികസന ഫണ്ട്)

ചെലവഴിച്ചത് : 600000/- (ബിൽ നം 1/2015- 16 തീയതി 15.01.2016 )

16.11.2013ലെ സ.ഉ(കൈ) നം.362/2013/ത.സ്വ.ഭ.വ ലെ ഉത്തരവിലെ ഖണ്ഡിക 6.ii പ്രകാരം എസ്

എസ് എ ക്ക കൈമാറുന്ന തുകയ്ക്കുള്ള പ്രോജക്ടുകൾ എസ് എസ് എ യും വിദ്യാഭ്യാസ കമ്മറ്റിയുടെ സഹായത്തോടെ ത.സ്വ.ഭ. സ്ഥാപനവും ചേർന്നാണ് തയ്യാറാക്കേണ്ടത്.തയ്യാറാക്കിയ പ്രോജക്റ്റ് ഭരണ സമിതി അംഗീകരിക്കുകയും ശേഷം പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം. എസ് എസ് എ വിഹിതമായി 600000 രൂപ കൈമാറുകയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പ്രോജക്റ്റ് ഭരണ സമിതി അംഗീകരിക്കുകയോ പദ്ധതിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. തുക ഏതൊക്കെ ഇനങ്ങൾക്കാണ് ചിലവഴിച്ചത് എന്ന വിവരവും ലഭ്യമല്ല.

3. കാഡ്കോയിൽ നിന്നും വാങ്ങിയ സാധനങ്ങൾ സർക്കാർ ലിസ്റ്റിലില്ലാത്തത്

പദ്ധതിയുടെ പേര്: സർക്കാർ സ്കൂളിൽ ഫർണിച്ചർ വാങ്ങൽ

അടങ്കൽ : 200000/-(റോഡിതര സംരക്ഷണ ഗ്രാന്റ്)

ചെലവഴിച്ചത് : 200000/- (ബിൽ നം 2/2015- 16 തീയതി 15.03.2016)

മേൽ പദ്ധതിയിലുൾപ്പെടുത്തി കാഡ്കോയിൽ നിന്നും 200000 രൂപയ്ക്ക് വാങ്ങൽ നടത്തിയിട്ടുണ്ട്. എന്നാൽ മേൽ ഉൽപന്നങ്ങളിൽ കാഡ്കോ ഉൽപാദിപ്പിക്കാത്തവയും നേരിട്ട് വാങ്ങാനനുവാദമുള്ളവ ലിസ്റ്റ് ചെയ്ത താഴെ പറയുന്ന ഉത്തരവുകളിൽ ഉൾപ്പെടാത്തതുമായ ഉൽപന്നങ്ങൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഉൽപന്നങ്ങളുടെ ലിസ്റ്റ് താഴെ നൽകുന്നു.

1. ഡ്യുവൽ ഡെസ്ക്

2. സ്റ്റീൽ ടേബിൾ (3*2)

3. നിൽകമൽ കസേര

4. ലൈബ്രറി ബുക്ക് ഷെൽഫ് 6.5*3.5

5. എക്സിക്യൂട്ടീവ് ടേബിൾ 5*3

മേൽ ഉൽപന്നങ്ങൾ ക്വട്ടേഷൻ കൂടാതെ വാങ്ങാനനുവാദമുള്ളവയാണെന്നു തെളിയിക്കുന്ന ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല.

4.എയ്ഡഡ് / സർക്കാർ വിദ്യാലയങ്ങൾക്ക് സാനിറ്റേഷൻ സൗകര്യം ലഭ്യമാക്കൽ (35/16) പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

പദ്ധതിയുടെ വിശദാംശങ്ങൾ

അടങ്കൽ : 45000/-(റോഡിതര സംരക്ഷണ ഗ്രാന്റ്)

ചെലവഴിച്ചത് : 45000/- (ബിൽ നം 3/2015- 16 തീയതി 29.03.2016)

1. മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി 45000/- രൂപയ്ക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. 25000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ക്വട്ടേഷൻ മുഖാന്തിരമേ നടത്താവൂ എന്ന വ്യവസ്ഥ പാലിക്കാതെ നടത്തിയ വാങ്ങലിനു വിശദീകരണം നൽകേണ്ടതാണ്.

2. 16.11.2013ലെ സ.ഉ(കൈ) നം.362/2013/ത.സ്വ.ഭ.വ ലെ ഉത്തരവിലെ ഖണ്ഡിക 6.i പ്രകാരം മുഴവൻ സർക്കാർ സ്കൂളുകളിലും ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയ ശേഷമേ മറ്റ് പദ്ധതികൾ നടപ്പിലാക്കാവൂ എന്ന് നിർദേശിക്കുന്നുണ്ട്.

5. ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുത്തില്ല.

ഗ്രാമപഞ്ചായത്തിന്റെ പന്ത്രണ്ടാം പഞ്ച വൽസര പദ്ധതി രേഖ പ്രകാരം വിദ്യാഭ്യാസ മേഖലയിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ നിർദേശിച്ച പന്ത്രണ്ടാം (പഞ്ച വൽസര പദ്ധതി രേഖ പേജ് 31) അടിയന്തിര പ്രവർത്തികളിൽ പലതും ഏറ്റെടുത്ത് നടത്തിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ നൽകുന്നു.

1. ജി ഡബ്ല്യു എൽ പി സ്കൂളിനു കിണർ,എല്ലാ വിദ്യാലയങ്ങൾക്കും തിളപ്പിച്ചാറിയ വെള്ളം നൽകുവാനുള്ള സംവിധാനം

2. 4 വിദ്യാലയങ്ങൾക്ക് മൈക്ക് സെറ്റ്

3. എല്ലാ വിദ്യാലയങ്ങൾക്കും ഉച്ച ഭക്ഷണ പാത്ര വിതരണം

4. സർക്കാർ വിദ്യാലയങ്ങളിൽ എല്ലാ മുറിയിലും സ്മാർട്ട് ക്ലാസ് റൂം

5. ഒരു സർക്കാർ വിദ്യാലയം ദത്തെടുത്ത് പഞ്ചായത്തിൽ ഒരു മോഡൽ വിദ്യാലയം

6. സി ഡി ലൈബ്രറി

7. സർക്കാർ വിദ്യാലയങ്ങളിൽ പെഡഗോഗി പാർക്ക്

കാഡ്കോയിൽ നിന്നും മറ്റ് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തുമ്പോൾ ഉത്തരവിൽ പരാമർശിച്ച സാധനങ്ങൾ തന്നെയാണ് വാങ്ങുന്നതെന്നും അത് സർക്കാർ നിശ്ചയിച്ച നിരക്കിൽ തന്നെയാണെന്നും ഉറപ്പ് വരുത്തേണ്ടതാണ്. കാഡ്കോയിൽ നിന്നും സർക്കാർ ഉത്തരവിനനുസൃതമല്ലാതെ വാങ്ങിയ 200000/- രൂപയുടെ ചിലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കുട്ടികളുടെ സമഗ്ര വികാസം ഉറപ്പ് വരുത്തേണ്ട പരിപാടികൾ എസ് എസ് എ പ്രോജക്ടിൽ ഉൾപ്പെടുത്തി നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. എസ് സ് എ പദ്ധതികൾക്ക് പണം കൈമാറുമ്പോൾ അവ ചിലവഴിക്കുന്നത് പഞ്ചായത്തിന്റെ താൽപര്യങ്ങൾക്ക് അനുസരിച്ചാണോ എന്ന ഉറപ്പ് വരുത്തേണ്ടതാണ്.

ഓരോ വർഷവും പദ്ധതികൾ രൂപീകരിക്കുമ്പോൾ അവ പഞ്ചവൽസര പദ്ധതികളിലും വാർഷിക പദ്ധതികളിലും സൂചിപ്പിച്ച പ്രശ്നങ്ങൾക്കുള്ള പരിഹാരമാവാൻ ഉതകും എന്നുറപ്പ് വരുത്തേണ്ടതാണ്.

## 3-9 തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണം - പദ്ധതിപ്രവർത്തനങ്ങൾ ആരംഭിച്ചില്ല

പ്രൊജക്റ്റ് : 40/16, തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി

നിർവ്വഹണം : സെക്രട്ടറി

അടങ്കൽ : 2,00,000/- ( കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 2,00,000/- ( ബിൽ നം. 33/15-16/24.03.16, ഡി.ഡി നം. 254873/13.04.16)

തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണം ലക്ഷ്യമാക്കി കോഴിക്കാട് ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച KARUNA (Kozhikode Animal Rehabilitation Project Using Non violent Alternatives ) പദ്ധതിയുടെ നടത്തിപ്പിനായി നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് 2,00,000/- രൂപ നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/01.11.16) മറുപടിയൊന്നും ലഭിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായി നടന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ചെലവു തുക 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 പെയിൻ പാലിയേറ്റിവ് പദ്ധതി : മാർഗരേഖ പാലിക്കുന്നതിൽ അശ്രദ്ധ

പദ്ധതിയുടെ പേര് : പെയിൻ ആന്റ് പാലിയേറ്റിവ് (23/2016)

അടങ്കൽ : 332000/-(പൊതു വിഭാഗം വികസന ഫണ്ട്)

ചെലവഴിച്ചത് :
ബിൽ നം. 1/15-16 48000/- 19.08.2015
ബിൽ നം. 2/15-16 10000/- 14.10.2015

ബിൽ നം. 3/15-16 20000/- 19.12.2015

ബിൽ നം. 4/15-16 20000/- 18.02.2016

ബിൽ നം. 5/15-16 80900/- 29.02.2016

ബിൽ നം. 6/15-16 9100/- 31.03.2016

ബിൽ നം. 7/15-16 144000/- 31.03.2016

പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 വർഷം താഴെ പറയുന്ന മാർഗരേഖകളാണ് കേരള സർക്കാർ പ്രധാനമായും ബാധകമാക്കിയിരിക്കുന്നത്.

1. സ.ഉ (കൈ) നം.228/2012/ത.സ്വ.ഭ.വ തീയതി 23.08.2012 (2015 ഒക്ടോബർ 28 വരെ പ്രാബല്യം)

2. സ.ഉ (സാധാ) നം. 3217/2015/ത.സ്വ.ഭ.വ തീയതി 29.10.2015 (2015 ഒക്ടോബർ 29 മുതൽ പ്രാബല്യം)

എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതിയിൽ രണ്ടാമത്തെ ഉത്തരവിനു

വിരുദ്ധമായി നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

1. ഉത്തരവ് തീയതി മുതൽ 60 ദിവസത്തിനകം പാലിയേറ്റിവ് പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക ഗ്രാമപഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നുണ്ട്. ഇല്ലെങ്കിൽ പദ്ധതിയുടെ ചെലവ് അംഗീകരിക്കുന്നതല്ലെന്ന് സർക്കാർ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല. (ഖണ്ഡിക 2.5.6)

2. ഉത്തരവ് പ്രകാരം ഹോം കെയർ ദിവസങ്ങളിൽ ഭക്ഷണ ഇനത്തിൽ ഒരാൾക്ക് 60 രൂപ പരമാവധി 3 പേർക്കേ തുക ചിലവഴിക്കാൻ പാടുള്ളൂ. എന്നാൽ ഉത്തരവ് തീയതിക്കു ശേഷവും ദിവസം 250 രൂപ തോതിൽ ഭക്ഷണ ഇനത്തിൽ ചിലവഴിച്ചിട്ടുണ്ട്.(ഖണ്ഡിക 2.6.3)

3. 2 മാസത്തിലൊരിക്കൽ ചേരേണ്ട പാലിയേറ്റിവ് മാനേജ്മെന്റ് കമ്മറ്റി മീറ്റിംഗ് ഓഡിറ്റ് വർഷം 2 തവണ മാത്രമേ ചേർന്നിട്ടുള്ളൂ (ഖണ്ഡിക 2..3.2)

4. സാമ്പത്തിക വർഷാരംഭത്തിൽ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ വിധ ആരോഗ്യപ്രവർത്തകരെയും, എൻ എസ് എസ്- എൻ സി സി - എസ് പി സി കേഡറ്റ്മാരെയും വിളിച്ചുകൂട്ടി യോഗം വിളിക്കണമെന്നുണ്ടെങ്കിലും നടത്തിയിട്ടില്ല (ഖണ്ഡിക 2.2.2(1))

5. പാലിയേറ്റിവ് കെയർ ഇമ്പ്ലിമെന്റേഷൻ കമ്മറ്റി രൂപീകരിക്കുകയോ യോഗം ചേർന്നതായോ കാണുന്നില്ല (2.4)

6. 2012 ൽ വാങ്ങിയ ഹോം കെയർ വാഹനം ആശുപത്രി മാനേജിംഗ് കമ്മറ്റിക്ക് വിട്ടുകൊടുത്തിട്ടില്ല (ഖണ്ഡിക 2.6.5.2(ii))

7. വാഹനത്തിന്റെ ലോഗ് ബുക്കിൽ യാത്ര ചെയ്ത സ്ഥലം , യാത്ര ചെയ്ത ഉദ്യോഗസ്ഥന്റെ പേരോ ഒപ്പോ, കൺട്രോളിംഗ് ഓഫീസറുടെ പേരോ ഒപ്പോ, എണ്ണ ഉപയോഗം, മാസാന്ത സംക്ഷിപ്തം എന്നിവയൊന്നും രേഖപ്പെടുത്തുന്നില്ല.

8. മാർഗരേഖ പ്രകാരം കുടുംബ സംഗമം നടത്തുമ്പോൾ ഭക്ഷണേതര ഇനത്തിൽ പരമാവധി 3000 രൂപയേ ചെലവാക്കുവെന്നുണ്ടെങ്കിലും 8.3.2016 ന് നടത്തിയ കുടുംബസംഗമത്തിനു പതിനായിരം രൂപ ഭക്ഷണേതരയിനത്തിൽ ചെലവാക്കിയിട്ടുണ്ട്.ഖണ്ഡിക 2.6.13

9. പാലിയേറ്റിവ് നഴ്സിനു ജോലി ചെയ്തതിന്റെ അടുത്ത മാസം 10 നകം ഹോണറേറിയം നൽകണമെന്ന വ്യവസ്ഥ ഒരിക്കൽ പോലും പാലിച്ചിട്ടില്ല.

താഴെ പറയും പ്രകാരമാണ് ഹോണറേറിയം വിതരണം ചെയ്തിരിക്കുന്നത്.

| ജോലി ചെയ്ത മാസങ്ങൾ | ഹോണറേറിയം നൽകാൻ വേണ്ടി തുക പിൻവലിച്ച തീയതി (ഹോണറേറിയം സ്വീകരിച്ച തീയതി ലഭ്യമല്ല) |
|---|---|
| 2015 ഏപ്രിൽ മുതൽ ജൂലൈ ഉൾപ്പെടെ | 19.08.2015 |
| 2015 ആഗസ്റ്റ് | 14.10.2015 |
| 2015 സെപ്റ്റംബർ , ഒക്ടോബർ | 19.12.2015 |
| 2015 നവമ്പർ, ഡിസമ്പർ | 18.02.2016 |
| 2016 ജനവരി മുതൽ മാർച്ച് ഉൾപ്പെടെ | 31.03.2016 |

10. ഉത്തരവ് തീയതി മുതൽ 60 ദിവസത്തിനു ശേഷം പാലിയേറ്റിവ് ഇനത്തിൽ ചെലവഴിക്കുന്ന എല്ലാ ചെലവും പണം നൽകേണ്ടയാളുടെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തേ നടത്താവൂ എന്ന വ്യവസ്ഥ (ഖണ്ഡിക നാളിതു വരെ നടപ്പിലാക്കിയിട്ടില്ല. എല്ലാ ചെലവും ഡി ഡി യായോ ചെക്കായോ ആണ് നടത്തിയിരിക്കുന്നത്.

11. ഉത്തരവ് പ്രകാരം സൂക്ഷിക്കേണ്ട പല രജിസ്റ്ററുകളും സൂക്ഷിച്ചതായി കാണുന്നില്ല.

ക്രമ നം 1,10 എന്നിവ പ്രകാരമുള്ള അപാകതകൾ സംഭവിച്ചതിനാൽ 2015 ഡിസമ്പർ 29 മുതൽ (ഉത്തരവും തീയതിയും നടപ്പാക്കാൻ വേണ്ട സാവകാശ കാലാവധിയും കഴിഞ്ഞ്) പാലിയേറ്റിവ് പദ്ധതിയിൽ ചിലവഴിച്ച 153100/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 തെരുവുവിളക്കുകളുടെ സ്ഥിതിവിവരകണക്ക് ഇല്ല

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജ് ഇനത്തിൽ (നടുവണ്ണൂർ ഇലക്ട്രിക്കൽ സെക്ഷൻ, കൺസ്യൂമർ നമ്പർ 1166183010513) 2015-16 സാമ്പത്തിക വർഷത്തിൽ എല്ലാ മാസവും 8,506/- രൂപ വീതം ആകെ 1,02,072/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

1) ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ആകെ തെരുവ് വിളക്കുകളുടെ വിവരങ്ങൾ കാണിക്കുന്ന തെരുവുവിളക്ക് രജിസ്റ്റർ.

2)തെരുവുവിളക്ക് സംബന്ധിച്ച് കെ.എസ്.ഇ.ബിയുമായി നടത്തിയിട്ടുള്ള സംയുക്ത പരിശോധനയുടെ റിപ്പോർട്ട്.
3)07.07.2010ലെ 43742/ഡി.സി.3/2010/തസ്വഭവ, 12.03.13 ലെ 65529/ഡി.സി.3/12/ തസ്വഭവ നമ്പർ സർക്കാർ സർക്കുലറുകളിലെ നിർദ്ദേശപ്രകാരം തെരുവുവിളക്ക മീറ്ററുകൾ സ്ഥാപിച്ചതിന്റെ വിവരം.
മേൽ രേഖകളുടെ അഭാവത്തിൽ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ യഥാർത്ഥത്തിൽ അടയ്ക്കേണ്ടിയിരുന്ന തുക തന്നെയാണോ അടവാക്കിയത് എന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/04.11.16) മറുപടി ലഭിച്ചിട്ടില്ല ഈ സാഹചര്യത്തിൽ ചെലവുതുക 1,02,072/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 തുക നൽകിയിട്ടും ഹോമിയോ മരുന്നുകൾ ലഭിച്ചില്ല

പ്രൊജക്റ്റ് : 07/16, ഗവർമ്മെണ്ട് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (ഹോമിയോ)

അടങ്കൽ : 1,00,000/- (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്)

ചെലവ് : 1,00,000/- (ബിൽ നമ്പർ 01/15-16/14-01-16, ഡി.ഡി നമ്പർ 582098/18-01-16)

മേൽ പ്രൊജക്റ്റ് പ്രകാരം നടുവണ്ണൂർ ഗവർമ്മെണ്ട് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് 1,00,000/- രൂപ നൽകിയിട്ടുണ്ട്. 25-01-16 ന് പ്രസ്തുത സ്ഥാപനം തുകയ്ക്കുള്ള ഡി.ഡി കൈപ്പറ്റിയിട്ടുണ്ടെങ്കിലും (കൈപ്പറ്റ് രശീത് നം 1058/25-01-16) ഓഡിറ്റ് തീയതി വരെ ഒരു മരുന്നും ഡിസ്പെൻസറിയിലേക്ക് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാവാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം 02/25.10.16) മറുപടിയിൽ മരുന്ന് അടിയന്തിരമായി ലഭ്യമാക്കുന്നതിനായി സ്ഥാപനത്തിന് കത്തയച്ചിട്ടുണ്ടെന്നും ആയത് ഉടൻ ലഭ്യമാവും എന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നത് വരെ ചെലവ് തുക 1,00,000/- തടസ്സത്തിൽ വയ്ക്കുന്നു.

## 3-13 മീഡിയശ്രീ പദ്ധതി - ഡോക്യൂമെന്റേഷൻ സി ഡി ഹാജരാക്കിയില്ല

പ്രൊജക്റ്റ് : 119/16, മീഡിയശ്രീ

നിർവ്വഹണം : സെക്രട്ടറി

അടങ്കൽ : 65,000/- (വികസന ഫണ്ട്-പൊതുവിഭാഗം)

ചെലവ് : 65,000/- ( ബിൽ നം. 10/15-16/21.08.15, ഡി.ഡി നം. 579630/24.08.15)

ഗ്രാമപഞ്ചായത്തിന്റെ ചരിത്രം, പരിസ്ഥിതി, വികസന പ്രവർത്തനങ്ങൾ എന്നിവ ഡോക്യുമെന്ററിയായി ചിത്രീകരിക്കുന്നതിന് വേണ്ടിയാണ് മേൽ പ്രൊജക്റ്റ് ആവിഷ്കരിച്ചത്. ഡോക്യുമെന്ററി ചിത്രീകരിക്കുന്നതിനായി 20.03.15ലെ ജി.ഒ (ആർ.റ്റി) 813/2015/ത.സ്വ.ഭ.വനമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 65,000/- രൂപ കുടുംബശ്രീ സംസ്ഥാന മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയ്ക്കുള്ള കൈപ്പറ്റ് രശീതും ചിത്രീകരിച്ച ഡോക്യൂമെന്ററിയുടെ സി.ഡി യും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇവ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 11/01.11.16) നൽകിയെങ്കിലും ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക 65,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 ഐ.കെ.എമ്മിന് വിഹിതം നൽകൽ - കൈപ്പറ്റ് രശീത് ഹാജരാക്കിയില്ല

പ്രൊജക്ട് : 162/16, ഐ.കെ.എമ്മിന് അടയ്ക്കേണ്ട വിഹിതം

നിർവ്വഹണം : സെക്രട്ടറി

അടങ്കൽ : 47,395/- (വികസന ഫണ്ട് -പൊതുവിഭാഗം)

ചെലവ് : 47,395/- ( ബിൽ നം. 41/15-16/30.03.16, ഡി.ഡി നം. 254870/13.04.16)

മേൽ പ്രൊജക്ട് പ്രകാരം ഐ.കെ.എമ്മിനുള്ള വിഹിതമായി 47,395/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഐ.കെ.എം കൈപ്പറ്റിയതിനുള്ള രശീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/01.11.16) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവുതുക 47,395/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 ശുചിത്വ കക്കൂസ് ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല

പ്രൊജക്ട് : 19/16, ശുചിത്വ കക്കൂസ്

നിർവ്വഹണം : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നടുവണ്ണൂർ

അടങ്കൽ : 12,32,000/- (2,72,000/- കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്,

9,60,000/- ശുചിത്വമിഷൻ ഫണ്ട്)

ചെലവ് : 65,000/- ( ബിൽ നം. 10/15-16/21.08.15, ഡി.ഡി നം. 579630/24.08.15)

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ വിവധ വാർഡുകളിലുള്ള 80 ഗുണഭോക്താക്കൾക്ക് ശുചിത്വ കക്കൂസ് നിർമ്മിക്കുന്നതിന് 15,400/- രൂപ തോതിൽ സബ്സിഡി നൽകുന്നതിനായാണ് മേൽ പ്രൊജക്ട് ആവിഷ്കരിച്ചത് (യൂണിറ്റ് ഒന്നിന് ഗ്രാമപഞ്ചായത്ത് വിഹിതം 3,400/- രൂപയും ശുചിത്വമിഷൻ വിഹിതം 12,000/- രൂപയും). പദ്ധതിയുടെ ഭാഗമായി 66 ഗുണഭോക്താക്കൾക്കുള്ള സബ്സിഡി തുക ആകെ 10,16,400/- രൂപ താഴെ പറയും പ്രകാരം വി.ഇ.ഒ യുടെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. [ബിൽ നം. 04/15-16/26.03.16 , 2,24,400/- (കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ്) ട്രഷറി ചെക്ക് നം. 4838285/10.05.16, 7,92,000/- ( ശുചിത്വമിഷൻ ഫണ്ട്)]

എന്നാൽ പ്രസ്തുത അക്കൗണ്ടിൽ നിന്ന് 65 ഗുണഭോക്താക്കൾക്ക് മാത്രമേ തുക നൽകിയിട്ടുള്ളു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/01.11.16) വി. ഇ.ഒയിൽ നിന്ന് ലഭിച്ച മറുപടിയിൽ ശുചിത്വകക്കൂസ് നിർമ്മാണത്തിന് വേണ്ടി എഗ്രിമെന്റ് വച്ച ശ്രീ രാമൻ, കിഴക്കെപ്പുറമ്പിൽ എന്ന ഗുണഭോക്താവിന്റെ മകൻ പുതിയ വീട് വച്ചതിനാൽ ഇദ്ദേഹം കക്കൂസ് നിർമ്മിച്ചിട്ടില്ല എന്നും ആയതിനാൽ തുക പഞ്ചായത്തിലേക്ക് തിരിച്ചടയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ചെലവഴിക്കാതെ ശേഷിക്കുന്ന തുക 15,400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-16 പഴയ ആസ്തികളുടെ അവസ്ഥാവിശകലനറിപ്പോർട്ട് തയ്യാറാക്കാതെ സമാന ആസ്തികൾ സൃഷ്ടിച്ചു

പ്രോജക്ട് നം S0080/15 ഭരണാനുമതി4(1)/14/04.02.14—11,60,000

എംബുക്ക് 385/15-16 ആകെ അടങ്കൽ: 29,00,000

കരാറ്കാരൻ സുനിൽകുമാർ സാങ്കേതികാനുമതി:EE/lsgd/GP/TS-78/14-15തീയതി10.12.14

എഗ്രിമെന്റ് നം 43/14-15dt.12.02.2015 29,00,000

പാർട്ട് ബിൽ6 5/31.3.16(12,19037രൂപ)

വില്ലന്നിമല കോമൺ ഫെസിലിറ്റി സെന്റർ നിർമ്മാണപദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1)പദ്ധതിക്ക് 2013-14ൽ അംഗീകാരം ലഭിച്ചെങ്കിലും 2015-16ലാണ് പ്രവൃത്തി തുടങ്ങിയത്.പ്രത്യേക ഘടകപദ്ധതിയിൽ 29ലക്ഷം വകയിരുത്തിയ പദ്ധതിയിൽ ഓഡിറ്റ് വർഷം ഒരു പാർട്ട്ബിൽ മാത്രമാണ് നൽകിയത്.2016-17ൽ പദ്ധതിക്ക് തുക വകയിരുത്തിയിട്ടുമില്ല.പ്രത്യേകഘടകപദ്ധതി ഫണ്ടുപയോഗിച്ച് ഒരു

കെട്ടിടം ഭാഗികമായി നിർമ്മിക്കുകയും അത് പൂർത്തിയാക്കുന്നതിനുള്ള ഫണ്ട് വകയിരുത്താതിരിക്കുകയും ചെയ്തത് പദ്ധതിയുടെ ആവശ്യകതയെ ചോദ്യം ചെയ്യുന്നതാണ്.

2)പുതിയ നിർമ്മാണങ്ങൾ ഏറ്റെടുക്കുന്നതിന് മുമ്പ് ഭാഗികമായി നിർമ്മാണം നടത്തിയ പ്രോജക്ടുകളിലൂ ടെയുള്ള ആസ്തികൾ,ഉപേക്ഷിച്ച പ്രോജക്ടിലൂടെയുള്ള ആസ്തികൾ എന്നിവ സംബന്ധിച്ച് കൃത്യമായ കണക്കെടുത്ത് കൊണ്ടുള്ള ഒരു അവസ്ഥാവിശകലനറിപ്പോർട്ട് തയ്യാറാക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നു.പുതിയ ആസ്തി സൃഷ്ടിക്കുമ്പോൾ പ്രസ്തുത അവസ്ഥാവിശകലനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ആസ്തികൾ ആർജ്ജിക്കേണ്ട ആവശ്യമുണ്ടെന്ന് കണ്ടെത്തുകയാണെങ്കിൽ മാത്രമേ സമാനസ്വഭാവമുള്ള പുതിയ ആസ്തികൾ നിർമ്മിക്കുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കാവൂ എന്ന് പദ്ധതി മാർഗ്ഗരേഖയിൽ (G.O(ms)362/2013lsgd /dt16.11.2013) നിർദ്ദേശിക്കുന്നുണ്ട്.കന്നത്ത്തറയിൽ എസ് സി കോളനിയിൽ ഫെസിലിറ്റി സെന്റർ,തച്ചിനാലിത്താഴ സാംസ്കാരികനിലയം എന്നീ സമാനസ്വഭാവമുള്ള കെട്ടിടങ്ങളിൽ അവയുടെ നിർമ്മാണോദ്ദേശം നടപ്പിലാക്കാത്തതിനുള്ള കാരണം പരിശോധിക്കാതെ പുതിയആസ്തികൾ സൃഷ്ടിച്ചത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്..

3)ഒരു കെട്ടിടനിർമ്മാണപ്രോജക്ട് തയ്യാറാക്കുമ്പോൾ കെട്ടിടം ഉപയോഗിക്കാൻ ആവശ്യമായ എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നു.എന്നാൽ ഈ പദ്ധതിയിൽ കുടിവെള്ളത്തിനോ വൈദ്യുതീകരണത്തിനോ എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ല.

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-17 പൊതു ശ്മശാനവും അറവുശാലകളും നിർമ്മിക്കുതിൽ വീഴ്ച

1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 166ാം വകുപ്പ് (1) ാംഉപവകുപ്പ് അനുസരിച്ചുള്ള പട്ടിക 3 പ്രകാരം മൃഗങ്ങളുടെ കശാപ്പ്, മാംസത്തിന്റെ വിൽപ്പന എന്നിവ നിയന്ത്രിക്കേണ്ടതും ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുയും സംരക്ഷിക്കുകയും ചെയ്യേണ്ടതും ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി സംബന്ധിച്ച വിവിധ മാർഗ്ഗരേഖകൾ പ്രകാരം പൊതുശ്മശാനവും അറവുശാലകളും ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ അവ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള തുക പദ്ധതിരൂപീകരണ സമയത്ത് നിർബന്ധമായും വകയിരുത്തേണ്ടതാണ് (16.11.2013ലെ ജി.ഒ (എം.എസ്) 362/2013/തസ്വഭവ നമ്പർ ഉത്തരവിന്റെ 8 (iv) ഖണ്ഡികയും, ജി.ഒ (എം.എസ്) 225/2012/തസ്വഭവ/18.08.2012 ,ജി.ഒ (എം.എസ്) 04/2016/തസ്വഭവ/11.01.2016 എന്നീ ഉത്തരവുകളിലെ സമാന നിർദ്ദേശങ്ങളും കാണുക.)

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ പൊതു ശ്മശാനവും അറവുശാലകളുമില്ല. 2015-16 വർഷത്തിൽ പൊതു അറവുശാലയ്ക്ക് വേണ്ടി തുകയൊന്നും വകയിരുത്തിയിട്ടില്ല. പൊതു ശ്മശാനത്തിന് വേണ്ടി വിവധ വർഷങ്ങളിൽ താഴെപറയും പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഇതു വരെ പ്രൊജക്റ്റ് നടപ്പാക്കിയിട്ടില്ല.

2010-11 - 80/11, പൊതുശ്മശാനത്തിന് സ്ഥലം വാങ്ങൽ 1,00,000/- (തനതുഫണ്ട്)

2013-14 - SO 27/14, പൊതുശ്മശാനത്തിന് സ്ഥലം വാങ്ങൽ 1,00,000/- (തനതുഫണ്ട്)

2014-15 - SO 112/15, പൊതുശ്മശാനത്തിന് സ്ഥലം വാങ്ങൽ 1,00,000/- (തനതുഫണ്ട്)

2015-16 - SO 27/16, പൊതുശ്മശാനത്തിന് സ്ഥലം വാങ്ങൽ 1,00,000/- (തനതുഫണ്ട്)

ജി.ഒ (എം.എസ്) 362/2013/തസ്വഭവ/16.11.2013 നമ്പർ ഉത്തരവിന്റെ ഖണ്ഡിക11.13(vii) പ്രകാരം ഒരു സ്പിൽ ഓവർ പ്രൊജക്റ്റ് സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. ഇതിനു വിരുദ്ധമായി പൊതു ശ്മശാനത്തിനു വേണ്ടി വർഷങ്ങളായി നിഷ്ക്രിയങ്ങളായ സ്പിൽ ഓവർ പ്രൊജക്റ്റുകൾ വച്ചുകൊണ്ടിരിക്കുന്നതിനും പൊതു അറവുശാലയ്ക്ക് വേണ്ടി തുക വകയിരുത്തി പ്രൊജക്റ്റ് നടപ്പാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 09/01.11.16) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുശ്മശാനവും അറവുശാലകളും നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതല നിറവേറ്റുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-18 മരാമത്ത് പ്രവൃത്തികൾ-പൊതുഅപാകതകൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ചത് സംബന്ധിച്ച രേഖകൾ പരിശോ ധിച്ചതിൽ ശ്രദ്ധയിൽ പ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1)16.11.13ലെ ജി.ഒ.(എം.എസ്)362/2013തസ്വഭവ പ്രകാരം പഞ്ചായത്തിലെ റോഡ്/റോഡിതര ആസ്തികളു ടെ സംരക്ഷണം സംബന്ധിച്ച ഒരു മെയിന്റനൻസ് പ്ലാൻ തയ്യാറാക്കണമെന്ന് പറയുന്നു.എന്നാൽ മെയിന്റനൻ സ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

2)ഓരോ തദ്ദേശസ്ഥാപനവും കണക്ടിറ്റിവിറ്റി മാപ്പും കണക്ടിവിറ്റി പ്ലാനും നിർബ്ബന്ധമായും തയ്യാറാക്കണമെ ന്ന് നിഷ്കർഷിക്കുന്നു.പഞ്ചായത്ത് ഇത് രണ്ടും തയ്യാറാക്കിയിട്ടില്ല.

3)മരാമത്ത് ബില്ലുകളിൽ കരാറ്കാരിൽ നിന്നും 4%വാറ്റ് ഈടാക്കിയിട്ടുണ്ട്. എന്നാൽ കരാറ്കാരുടെ വാറ്റ് കോമ്പൗണ്ട് ചെയ്ത വിൽപ്പനനികുതി വകുപ്പിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4)പ്രവൃത്തികളുടെ എംബുക്കിൽ അളവെടുക്കുന്ന എഞ്ചിനിയറുടെയും അളവ് പരിശോധിക്കുന്ന എഞ്ചിനിയറു ടെയും പേരെഴുതുന്നില്ല.

5)എംബുക്ക് സ്റ്റോക്ക് രജിസ്റ്റർ,സാങ്കേതികാനുമതി രജിസ്റ്റർ,വർക്ക് രജിസ്റ്റർ, സെക്യൂരിട്ടി രജിസ്റ്റർ എന്നിവ യൊന്നും സൂക്ഷിക്കുന്നില്ല.

6)ഓഡിറ്റ് വർഷം കരാറ്കാർ നേരിട്ടാണ് ബിറ്റുമിൻ വാങ്ങിയത്.എന്നാൽ ബിറ്റുമിൻ വാങ്ങിയ ബില്ലുകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 35,000/- രൂപ വരവുണ്ട്. ഈ തുക മുഴുവനായും തൻവർഷം തന്നെ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | ജി.ഒ (എം.എസ്) 533/10/തസ്വഭവ/ 18.02.2010 | 3352700 | | 2484000 | -- | 903700 |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 14,53,003 |
| തൻവർഷം നിക്ഷേപിച്ച തുക | 1,38,035 |
| ആകെ | 15,91,038 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15,91,038 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കെ.ഡി.സി ബാങ്ക് നടുവണ്ണൂർ (എഫ്.ഡി നം. 100441807520044/11.03.16) | 15,91,038 |
| ആകെ | 15,91,038 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 31 | 2003-04 | പൊതുപരാമർശം -7 | കാലഹരണപ്പെട്ട നികുതി കുടിശ്ശികയുടെ വിവരം |
| 1999-00 | 35 | 2003-04 | പൊതുപരാമർശം -5 | വീട് നിർമ്മിച്ചത് സംബന്ധിച്ച രേഖകളില്ല. |
| 2000-01 | 2-5 | 2004-05 | പൊതുപരാമർശം -3 | നികുതിപിരിവിൽ അലംഭാവം- കുടിശ്ശിക പെരുകുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,88,15,921 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,72,80,522 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9,09,600- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,07,967 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | സർചാർജ് ചെയ്യാവുന്നവ | ചാർജ് ചെയ്യാവുന്നവ | |
| 3-1 | 272031/- | | 26,339.19- കെ.കെ.വേലായുധൻ, അസിസ്റ്റന്റ്എ ഞ്ചിനീയർ,കെ.മധുസൂദ നൻ,അസിസ്റ്റന്റ്എക്സിക്യൂട്ടിവ് എഞ്ചിനിയർ<br>62050.57-അജി.കെ., അസിസ്റ്റന്റ് എഞ്ചിനിയർ,<br>കെ.മധുസൂദനൻ,അസിസ്റ്റന്റ് എക്സിക്യൂട്ടിവ്എഞ്ചിനി യർ<br>183,640.89-ദീപ്തി,അസിസ്റ്റന്റ് എഞ്ചിനിയർ,<br>കെ.മധുസൂദനൻ,അസിസ്റ്റന്റ് എക്സിക്യൂട്ടിവ്എഞ്ചിനി യർ |
| 3-2 | 259993/- | | 86,478.17-പി.എൻ.ശ്രീശൻ, അസിസ്റ്റന്റ്എഞ്ചിനീയർ, കെ.മധുസൂദനൻ, അസിസ്റ്റന്റ്എക്സിക്യൂട്ടിവ് എഞ്ചിനിയർ<br>1,73,514.83-അജി.കെ, അസിസ്റ്റന്റ് എഞ്ചിനിയർ, |

| | | | |
|---|---|---|---|
| | | | കെ.മധുസൂദനൻ,അസിസ്റ്റന്റ് എക്സിക്യൂട്ടിവ്എഞ്ചിനിയർ |
| 3-3 | 21426/- | | കെ.കെ.വേലായുധൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>കെ.മധുസൂദനൻ,അസിസ്റ്റന്റ് എക്സിക്യൂട്ടിവ്എഞ്ചിനിയർ |
| 3-4 | 200000/- | | ധർമ്മരാജൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 56845/- | | ശ്രീപി.സി.അബ്ദുൾ മജീദ്, കൃഷി ഓഫീസർ |
| 3-6 | 64800/- | | ശ്രീഎം.കെ ബാലകൃഷ്ണൻ, സെക്രട്ടറി,ശ്രീമതി എൻ.ശാന്ത, ഐ.സി.ഡി. എസ് സൂപ്പർവൈസർ |
| 3-7 | 34505/- | | ശ്രീഎംകെബാലകൃഷ്ണൻ,സെക്രട്ടറി ഡോ.എ.ധന്യ, വെറ്ററിനറി സർജൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7(2) | 330000/- | ഡോ. എ. ധന്യ, വെറ്ററിനറി സർജൻ |
| 3-8(1),<br>(2)<br>(3)<br>(4) | 50,000<br>6,00,000<br>2,00,000<br>45,000 | ശ്രീ ഒ.എം രാജൻ, ഹെഡ് മാസ്റ്റർ |
| 3-9 | 200000 | ശ്രീ എം.കെ ബാലകൃഷ്ണൻ, സെക്രട്ടറി |
| 3-10 | 153100/- | ഡോ: എം പി സജിന മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-11 | 102072 | ശ്രീ എം.കെ ബാലകൃഷ്ണൻ, സെക്രട്ടറി |
| 3-12 | 100000 | ഡോ കെ.സി പ്രതിഭ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-13 | 65000/- | ശ്രീ എം.കെ ബാലകൃഷ്ണൻ, സെക്രട്ടറി |

| | | |
|---|---|---|
| 3-14 | 47395/- | ശ്രീ എം.കെ ബാലകൃഷ്ണൻ, സെക്രട്ടറി |
| 3-15 | 15400/- | ശ്രീ ലിജേഷ്.കെ.രാജ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നടുവണ്ണൂർ) |
| | 1907967 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ എം.കെ ബാലകൃഷ്ണൻ, സെക്രട്ടറി | വിരമിച്ചു | മൂശാരിക്കണ്ടിയിൽ, മണാശ്ശേരി പി.ഒ, കോഴിക്കോട് -673602 |
| ശ്രീ കെ.അജി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഏരത്ത് ഗ്രാമപഞ്ചായത്ത്. കൊല്ലം ജില്ല | ചരുവിള വീട്, താഴമ്മൽ, അഞ്ചൽ, കൊല്ലം-691306 |
| ശ്രീമതി ഇ.കെ ദീപ്തി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പനങ്ങാട് ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല | രമണിക ഹൗസ്, വിരുത്തിശ്ശേരി വയൽ, പുതിയങ്ങാടി, കോഴിക്കോട് -21 |
| ശ്രീ കെ.കെ വേലായുധൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ്എഞ്ചിനീയർ കുരുവട്ടൂർഗ്രാമപഞ്ചായത്ത് കോഴിക്കോട് ജില്ല | കമ്മാളം കുന്നത്ത്, താമരശ്ശേരി, കോഴിക്കോട് - 673573 |
| ശ്രീ പി.എൻ ശ്രീശൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | സങ്കീർത്തനം, മുത്താമ്പി റോഡ്, കൊയിലാണ്ടി - |

| | | |
|---|---|---|
| | ഉള്ള്യേരി ഗ്രാമപഞ്ചായത്ത് കോഴിക്കോട് ജില്ല | 673305 |
| കെ.മധുസൂദനൻ, അസിസ്റ്റന്റ്എക്സിക്യൂട്ടിവ് എഞ്ചിനി യർ | അസിസ്റ്റന്റ്എക്സിക്യൂട്ടിവ്എഞ്ചിനിയർ,കോഴിക്കോട് നഗരസഭ | ജയലക്ഷ്മി,പൂവാട്ട്പറമ്പ്, പെരുവയൽ പി.ഒ. കോഴിക്കോട് |
| ശ്രീ പി.സി അബ്ദുൾ മജീദ്,കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൃഷി ഭവൻ നടുവണ്ണൂർ | പാലാചാലിൽ, കൊളത്തൂർ, അത്തോളി |
| ഡോ എ. ധന്യ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, നടുവണ്ണൂർ | കൃഷ്ണകൃപ, വൈകുണ്ഠം, ബാലുശ്ശേരി, കോഴിക്കോട് |
| ഡോ കെ.കെഅബ്ദുൾ ഗഫൂർ, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ | മുളിയിങ്ങൽ മീത്തൽ, ചേനോളി പി.ഒ, പേരാമ്പ്ര |
| ഡോ കെ.ടി സബീഷ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ | ചേരിക്ക പറമ്പിൽ, തട്ടമ്പത്ത് റോഡ്, കോക്കല്ലൂര്, പിൻ -673612 |
| ഡോ എം.പി സജിന, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ | കളത്തിങ്കൽ ഹൗസ്, ആവിലോറ പി.ഒ, കൊടുവള്ളി, കോഴിക്കോട് |
| ശ്രീ ഒ.എം രാജൻ, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ | ശ്രീപാടി, കൽപ്പത്തൂർ പി.ഒ, മേപ്പയ്യൂർ, കോഴിക്കോട് -24 |
| ശ്രീ ലിജേഷ്.കെ.രാജ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നടുവണ്ണൂർ) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നടുവണ്ണൂർ) | മഠത്തിൽ, പുന്നശ്ശേരി, നരിക്കുനി |
| ശ്രീമതി എൻ ശാന്ത, ഐ.സി.ഡി.എസ് സൂപ്പർവൈസർ | വിരമിച്ചു | ശ്രേയസ്സ്, കല്ലോത്ത്, ചേനോളി പി.ഒ, പേരാമ്പ്ര-673525 |

| | | |
|---|---|---|
| ശ്രീ എം ധർമ്മരാജൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റൻ സെക്രട്ടറി,ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | ഐ.ടി/52 സെൻട്രൽ റവന്യൂ ക്വാർട്ടേർസ്, കലിക്കറ്റ ബീച്ച് പി.ഒ |
| ശ്രീമതി കെ.സി പ്രതിഭ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ, ഗവ ഹോമിയോ ഡിസ്പെൻസറി, നടുവണ്ണൂർ | പ്രയാഗ, കോട്ടൂളി, കോഴിക്കോട് – 673016 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി/പി.10/236/12(6)/06.03.12 | 5 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(2)/02.06.12 | 2 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(3)/02.06.12 | 3 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(4)/02.06.12 | 2 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.10/1018/14(1)/30.08.14 | 2 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(5)/02.06.12 | 1 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(6)/02.06.12 | 1 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(7)/02.06.12 | 6 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി.10/866/12(8)/02.06.12 | 5 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി.10/1018/14(2)/30.08.14 | 24 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി.10/1018/14(3)/30.08.14 | 8 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.10/1018/14(4)/30.08.14 | 23 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി.10/855/13/18.07.13 | 18 |
| 2010-11 & 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.10/11117/14/30.12.14 | 20 |

| | | |
|---|---|---|
| 2012-13 & 2013-14 | എൽ.എഫ്.കെ.കെ.ഡി/പി.10/2138/15/19.12.15 | 16 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി.10/1055/16/15.06.16 | 12 |

ഡെപ്യൂട്ടി ഡയറക്ടർ

**1**

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.കെ.ഡി/പി 10/ 2045/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്,

ഫോൺ: 04952371012

ഇമെയിൽ: dokkd.ksad@gov.in

തീയതി: 21-11-2016

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

No. KSA.KKD/P 1/ 2045/2016

Kerala State Audit Department

District Audit Office, Kozhikode

Phone 0495 2371012

E-mail – dokkd.ksad@kerala.gov.in
Dated 21-11-2016

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Naduvannur Grama Panchayat for the

year ended on 31-3-2016 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Naduvannur Grama Panchayat for the year 2015-16 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.